290
SEPTEMBER 2021

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



## ഭീകരതയ്ക്ക് എതിരെയുള്ള യുദ്ധങ്ങൾ!

KERALA PRIVATE
COLLEGE TEACHER

SEP 2021 290

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Shyla Hameed**
**Dr. Vidhu Narayan**

**Members**
Jogy Alex
Dr. C. Padmanabhan
Dr. C.L. Joshy
Dr. Nisha V
Pramod Vellachal
Dr. Sony John
Dr. M.R. Rajesh
Harinarayanan S.
Dr. Santhosh Kumar Vallikkat
V.H. Nishad
Dr. Sunil Kumar NK
Lijo Sebastian
Dr. Sindhu K.V.
Milon Franz
Dr. Jibin Baby
Dr. Preethakrishna
Dr. Devi K Varma
Kishore Ram

Design : Jwala Creatives


- *എഡിറ്റോറിയൽ* 3
- *എൽഡിഎഫ് സർക്കാറിന്റെ ഉന്നതവിദ്യാഭ്യാസരംഗത്തെ പരിഷ്കരണത്തിന് ഊർജ്ജം പകരുക*
  **ഡോ. സി. പത്മനാഭൻ** 4
- *Women Composers in Carnatic Music*
  **Dr. Aswathy S** 6
- *അത്ര നിഷ്കളങ്കമല്ല നവോത്ഥാനം*
  **ഡോ. ഷീജ കെ.പി.** 9
- *Pandora and the Jar*
  **Sreelekshmi A.R** 12
- *ഇവരെങ്ങനെ കമ്മ്യൂണിസ്റ്റായി*
  **ഡോ. ശ്രീവൃന്ദാനായർ എൻ.** 13
- *ഭീകരതയ്ക്ക് എതിരെയുള്ള യുദ്ധവും പാശ്ചാത്യ ലിബറലിസത്തിന്റെ പൊള്ളത്തരവും*
  **ലിജോ സെബാസ്റ്റ്യൻ** 18
- *തണുത്ത മഞ്ഞും സൂര്യപ്രകാശവും: ടെറിബർക്കയിലെ ഒരു ദിവസം*
  **ഡോ. ജോയിസുകുട്ടി ജോസഫ്** 24
- *വ്യത്യസ്തതരം ഫോണ്ടുകൾ മൊബൈൽ ഫോണിൽ ഉപയോഗിക്കുന്നതെങ്ങനെ*
  **ഡോ. സാജൻ കെ.എസ്.** 30

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

# എഡിറ്റോറിയൽ



അധിനിവേശത്തിന്റെ ചരിത്രത്തിൽ അഫ്ഗാനിസ്ഥാൻ എന്ന രാജ്യം സവിശേഷ പ്രാധാന്യം അർഹിക്കുന്നു. ലോക പോലീസ് എന്ന് സ്വയം വിശേഷിപ്പിക്കുന്നവർ അധികാരം ഉറപ്പിക്കാൻ വേണ്ടി ഒരു രാജ്യത്തിന്റെ ഭരണകൂടത്തെ ലോകത്തിന് മുൻപിൽ ഭീകരവാദികൾ എന്ന് മുദ്ര കുത്തുകയും അവരെ ഇല്ലാതാക്കുക എന്നത് തങ്ങളുടെ നിയോഗമാണ് എന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്നു. സമാന ആശയങ്ങൾ പങ്കിടുന്നവർ, അല്ലെങ്കിൽ ആ രാജ്യത്തിന്റെ പ്രഖ്യാപിത ശത്രുക്കൾ ഈ ആശയത്തെ പിന്തുണയ്ക്കുന്നതോടെ സായുധ ആക്രമണങ്ങൾ ആരംഭിക്കുകയും ഒടുവിൽ പൂർണമായി ആ രാജ്യത്തെ തങ്ങളുടെ അധികാരത്തിന് കീഴിൽ കൊണ്ടുവരികയും ചെയ്യുന്നു. അങ്ങനെ ലോകം മുഴുവൻ തങ്ങളുടെ അധീനതയിൽ ആണ് ഉള്ളത് എന്ന് ആവർത്തിച്ച് ഉറപ്പിക്കുന്നു. ഒടുവിൽ തങ്ങളുടെ ആവശ്യം കഴിയുമ്പോൾ കീഴ്പ്പെടുത്തിയ രാജ്യത്തിന്റെ സാംസ്കാരിക ചരിത്രത്തെ ഉൾപ്പെടെ ഇല്ലാതാക്കി അവിടം ഉപേക്ഷിക്കുന്നു. ഇറാക്കിലും അഫ്ഗാനിസ്ഥാനിലും ഇത് നാം കണ്ടുകഴിഞ്ഞു. അഫ്ഗാനിസ്ഥാനിൽ ആരെ ആണോ തോൽപ്പിച്ച് അധികാരം നേടിയത് അവർക്ക് തന്നെ, തകർത്ത് തരിപ്പണമാക്കിയ രാജ്യം വർഷങ്ങൾക്ക് ശേഷം തിരികെ നൽകിയ വിരോധാഭാസവും നാം കണ്ടു. ഒടുവിൽ നിരന്തരം പലായനത്തിന് വിധിക്കപ്പെട്ട ഒരു ജനത അനുഭവിക്കുന്ന കെടുതികൾ അവസാനമില്ലാത്തത് ആവുന്നു എന്നത് മാത്രമാണ് സത്യം. ഡയസ്പോറ എന്ന പദത്തിന്റെ അർത്ഥം ലോകമെമ്പാടും ഒരുപോലെ അല്ല എന്ന് അഫ്ഗാൻ എന്ന രാജ്യം നമ്മോട് പറയുന്നു. അതിർത്തികൾ നിശ്ചലമാക്കുന്ന ജീവിതങ്ങളുടെ നിസഹായതയാണ് ഓരോ യുദ്ധത്തിന്റെയും അലിഖിത ചരിത്രം. തോറ്റവരുടെയും ജയിച്ചവരുടെയും യുദ്ധ ചരിത്രത്തിൽ ഇല്ലാതെ പോവുന്നത് പറന്നു പൊന്തുന്ന വിമാനത്തിന്റെ ചിറകിൽ കയറി രക്ഷപെടാൻ ശ്രമിച്ച് പരാജയപ്പെടുന്ന ഓരോ സാധാരണക്കാരന്റെയും ചരിത്രമാണ്. പലായനത്തിന് ഇങ്ങനെയും ചില അർത്ഥമുണ്ട് എന്ന് അഫ്ഗാൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# എൽഡിഎഫ് സർക്കാറിന്റെ ഉന്നതവിദ്യാഭ്യാസരംഗത്തെ പരിഷ്കരണത്തിന് ഊർജ്ജം പകരുക

കോവിഡ് മഹാമാരിയുടെ മറപറ്റി കേന്ദ്ര ഭരണകൂടം രാജ്യത്ത് നടപ്പിലാക്കിയ ദേശീയ വിദ്യാഭ്യാസ നയം 2020, കാർഷിക മേഖലയെ തകർക്കുന്ന കർഷകവിരുദ്ധ കാർഷിക നിയമങ്ങളെപ്പോലെ തന്നെ ഇന്ത്യയുടെ വർത്തമാന വിദ്യാഭ്യാസ നേട്ടങ്ങളെ കീഴ്മേൽ മറിക്കാൻ ശേഷിയുള്ളതാണ് എന്ന് നിസ്സംശയം പറയാം. ഇന്ത്യയുടെ വിദ്യാഭ്യാസ പ്രക്രിയയുടെ നിലവിലുള്ള ചലനത്തെ പൂർണ്ണമായും പ്രതിസന്ധിയിലാക്കുകയും ഏതാണ്ട് വിപരീത ദിശയിൽ അതിനെ ചലിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള അനിശ്ചിതത്വമാണ് പുത്തൻ ദേശീയ വിദ്യാഭ്യാസ നയം. നയരേഖ പ്രസിദ്ധീകരിച്ചതിനു പിന്നാലെ വേണ്ടത്ര ചർച്ചകളോ കൂടിയാലോചനകളോ ഇല്ലാതെ സ്കൂൾ തലം മുതൽ സർവകലാശാല വിദ്യാഭ്യാസം വരെ പരിഷ്കരിക്കാനുള്ള തിടുക്കപ്പെട്ട ശ്രമങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുന്നത്. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ കുറിച്ചോ, വിവിധ സംസ്ഥാനങ്ങൾ തുടർന്ന് പോരുന്ന പ്രാദേശിക വിദ്യാഭ്യാസ മാതൃകകളെ കുറിച്ചോ ഉള്ള ആലോചന പോലും ഇല്ലാതെ ഒരു നയരേഖയിലെ ശുപാർശകൾ മാത്രം മുൻനിർത്തി നടപ്പിലാക്കാൻ ആലോചിക്കുന്ന പരിഷ്കരണങ്ങൾ രാജ്യത്തിന്റെ ബഹുസ്വരതക്ക് തന്നെ ഭീഷണിയാണ്. കോവിഡ് സാഹചര്യങ്ങളെ മുതലെടുത്തുകൊണ്ട് സിബിഎസ്ഇ സിലബസ് വെട്ടിച്ചുരുക്കലിൻെറ ഭാഗമായി നടപ്പിലാക്കിയ പരിഷ്കരണം എപ്രകാരം ഹിന്ദുത്വ പ്രത്യയശാസ്ത്ര പ്രഖ്യാപനമായി

മാറി എന്നതിനും നാം സാക്ഷികളാണ്. രാജ്യത്തെ മുഴുവൻ വിദ്യാഭ്യാസ സമ്പ്രദായത്തെയും അടിമുടി മാറ്റാനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ഒരു നയരേഖ നടപ്പിലാക്കാൻ അതത് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശയങ്ങൾ, നിർദ്ദേശങ്ങൾ, വിമർശനങ്ങൾ മുതലായവ സമാഹരിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുന്നതിന് പകരം വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ സംസ്ഥാനങ്ങൾക്കും സർവ്വകലാശാലകൾക്കും മേൽ അടിച്ചേൽപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ പിൻതുടരുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള വിദ്യാഭ്യാസ രീതികൾ പിന്തുടരുന്ന വികേന്ദ്രീകൃത ശൈലി ഫാസിസ്റ്റ് ആശയങ്ങളുടെ പ്രചരണത്തിന് തടസ്സമാകുന്നു എന്ന നവ മൂലധന ശക്തികളുടെ തിരിച്ചറിവിന്റെ കൂടി ഫലമാണ് നാം ഇന്ന് കാണുന്ന പുത്തൻ ദേശീയ വിദ്യാഭ്യാസ നയം. അക്കാദമിക്ക് ബാങ്ക് ഓഫ് ക്രെഡിറ്റ്, നാഷണൽ ഹയർ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് തുടങ്ങി ഒട്ടനേകം ആശയങ്ങൾ ഇതിനകം തന്നെ രൂപമെടുത്തു കഴിഞ്ഞു. വിദ്യാഭ്യാസ നയരേഖ മുന്നോട്ട് വയ്ക്കുന്ന അപ്രായോഗിക നിർദ്ദേശങ്ങൾ വരെ നടപ്പിലാക്കാൻ ആവശ്യപ്പെടുന്ന തിട്ടൂരങ്ങൾ ദേശീയ വിദ്യാഭ്യാസ ഏജൻസികൾ ഇതിനകം തന്നെ പുറപ്പെടുവിച്ചു കഴിഞ്ഞു. വികേന്ദ്രീകരണം എന്ന ആശയത്തെ പൂർണമായും ഇല്ലാതാക്കുന്ന ഭരണകൂട ഭീകരതയ്ക്ക് ആണ് നാം സാക്ഷ്യം വഹിക്കുന്നത്.

നവ ഉദാരവൽക്കരണത്തിന്റെ കോവിഡാനന്തര മാതൃകകൾ എന്തെല്ലാം എന്ന് ഉള്ള ആലോചനകൾ സജീവമായ കാലയളവ് കൂടിയാണ് ഇത്. വാക്സിൻ മുതൽ അവശ്യസാധനങ്ങളുടെ ലഭ്യത വരെ സമ്പൂർണ്ണ മേഖലകളും നവ വാണിജ്യവൽക്കരണത്തിന്റെ പിടിയിൽ അമർന്നു കഴിഞ്ഞു. തങ്ങൾക്ക് ആവശ്യമായ തരത്തിൽ സാഹചര്യങ്ങളെ മാറ്റി

**ഒന്നാം പിണറായി സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ച എന്നോണം ഉന്നത വിദ്യാഭ്യസ രംഗം പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികളുമായി ഈ സർക്കാർ മുന്നോട്ട് പോവുകയാണ്. ഇതിന് ഊർജ്ജം പകരുക എന്നതാവണം നമ്മുടെ പ്രഥമ പരിഗണന.**

മറിക്കുന്നതിന് ഒരു മഹാമാരിയെ എങ്ങനെ ജനവിരുദ്ധമായി ഉപയോഗപ്പെടുത്താം എന്ന് കേന്ദ്ര ഭരണകൂടം ലോകത്തിന് കാണിച്ചു കൊടുക്കുന്നു എന്ന് പറഞ്ഞാൽ അതിൽ അതിശയോക്തി തെല്ലും ഇല്ല. കർഷക നിയമങ്ങളും ദേശീയ വിദ്യാഭ്യാസ നയവുമെല്ലാം അതിന്റെ പ്രകടമായ ഉദാഹരണങ്ങൾ മാത്രം. പാർലമെന്റ് പോലും നോക്കുകുത്തി ആവുന്ന ഭീതി ജനകമായ കാലം. ശക്തമായ ജനകീയ പ്രക്ഷോഭത്തിന് കാർഷിക നിയമങ്ങൾ കാരണമായി. എന്നാൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന വിദ്യാഭ്യാസ നയ രേഖ ബഹുജന സമക്ഷം വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടോ എന്ന കാര്യം നാം ഗൗരവതരമായി ആലോചിക്കേണ്ടതുണ്ട്.
രാജ്യം പ്രതിസന്ധികളിലൂടെ കടന്നു പോയപ്പോഴെല്ലാം ബദൽ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് വേറിട്ട ശബ്ദമായി നിന്ന ചരിത്രമാണ് കേരളത്തിന്റെത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തന്നെ മുന്നോട്ട് വച്ച നവ കേരളം എന്ന ആശയം അതിന്റെ മൂർത്തമായ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിൽ ഒന്നാം പിണറായി സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ച എന്നോണം ഉന്നത വിദ്യാഭ്യസ രംഗം പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികളുമായി ഈ സർക്കാർ മുന്നോട്ട് പോവുകയാണ്. ഇതിന് ഊർജ്ജം പകരുക എന്നതാവണം നമ്മുടെ പ്രഥമ പരിഗണന.



**Dr.Aswathy S**
NSS College for Women Neeramankara

# WOMEN COMPOSERS IN CARNATIC MUSIC

In most civilizations, women did not share the same rights as men and thus a huge bulk of their creative output was stifled by male chauvinism. However, in the modern scenario, things have changed considerably and women excel in all sorts of professions.
In the field of music, there are countless females who contributed immensely. Their efforts can be traced back to the Sangam period, when even secluded homemakers would write beautiful verses of poetry. If Sangam women wrote poetry within the confines of their homes, contemporary female musicians compose and perform outstandingly across the globe. At the same time, there are many present day women who juggle being a composer/performer and a homemaker effortlessly.

Post-20th century female composers usually use ornamentations like *yati* and *gamaka* in their compositions. Being a female composer was not a small feat during the olden days. Such compositions often had to be tuned by others later on. Present day composers however, tune their compositions unlike their predecessors. There are many *Uthama Vageyakaras* (prominent composers) among whom, a few are given below:

**Karakkalammaiyar:**
She is probably one of the first women composers who lived around during the 6th century. She was a devotee of Lord Shiva who is believed to be the first to write devotional poetry to him in the Tamil language. Born in Karaikal, South India, she was one of the only 3 women amongst the 63 *Nayanmars.* She has composed mainly 3 major poetic works, namely Irattaimanimalai, Arputattiruvantati and Muttatiruppatikankal. Some of her poems contain references to musical *swaras*, instruments, etc.



**<u>Andal</u>**:
Belonging to the $9^{th}$ century,



Andal was a Tamil saint. She was the only female A*zhwar* who composed the *Thiruppavai* containing thirty verses. Her poem *Nachiyar Thirumozhi* is famous for its literary beauty. Containing 143 verses,it discloses her passionate yearning for Lord Vishnu. The two works are unique in their literary, philosophical, religious, and artistic content.

**<u>Akka Mahadevi</u>:**
\This $12^{th}$ century writer was a prominent poetess of Karnataka. She celebrated



her love of Lord Shiva in the language of the common people, which was for her a simple form of Kannada. It is said that she was the first woman to have written *vachanas* in Kannada. In her *vachanas*, Akka Mahadevi expressed her radical views on women's roles, Hindu ritualism, caste, etc. and offered a testimony to the spiritual struggles faced by a female mystic in a patriarchal society. Her poems describe love in its different forms. Her poems were not tuned.

**<u>Meerabai</u>:**
Meerabai was a celebrated



Bhakti Saint, poetess and devotee of Krishna. She composed numerous *bhajans* praising Lord Krishna. She was one of the most prominent figures of the Bhakti movement in India. Many poems attributed to Meera were likely composed later by others who admired her. Meera's poems are written in Rajasthani language. In her poems, Krishna is a yogi and lover, and she herself is a yogini ready to take her place by his side into a spiritual marital bliss.

**<u>Helevanekette Giri amma</u>:**
She was the only female *dasa* of all the *Haridasas*. Her work is one of the first by women in the history of Kannada literature. Belonging to the $18^{th}$ century, her compositions are mostly



in *Kirtanai* format written in simple Kannada. Helevanakatte Giriyamma's pen name is 'helevanakatte ranga'.One of her versatile works is Chitrapata Ramayana written in a feminist point of view. She wrote more than forty songs& five narrative poems,the best-known among which is the devotional piece Chandrahasana Kathe.

**<u>6.Kalyanikutti Ammachi</u>:**
Another writer of the $18^{th}$ century, she enjoyed fame



as a poetess in Kerala. She was the consort of Ayilyam Thirunal Maharaja. After the marriage she was adopted by the Maharajah into the Nagarcoil Ammaveedu. She was a scholar in Sanskrit. Some of her works are Rasakreeda, Satyapanchakam,Pativrataya panchakam,Ambareeshacharitam etc. She was a gifted composer who was equally adept in Veena and vocal music.

**7.Bangalore Nagaratnamma**:

She was a musician and a social activist who was born as a *devadasi*. She was also a dancer. Nagaratnamma holds a special place in this list due to her endeavours to ensure equality of both sexes in matters concerning music. She was a fierce feminist who ensured that both men and women were made equally



eligible to participate in the Tyagaraja *aradhana* at Thiruvaiyyar. She composed the *javali Maataada Bhaaradeno in* raga Kamas. She inspired both men and women alike.

**Rani Rukminibhai Thampuratti**:

The elder sister of Maharajah Swathi Thirunal, She was a prominent woman composer of Kerala from 1809 to 1837. She started composing at the age of six. A devotee of Lord Padmanabha, most of Rani Rukminibhai's compositions are



in praise of Padmanabha.

**Kutti kunju Thangachi**:

She was the daughter of Irayimman Thampi. Born in Thiruvananthapuram, she excelled in both music and literature. Her deep knowledge in Sanskrit and Malayalam is evident in her works. Kutti kunju Thangachi is known to



be the first female poet and composer of Kerala. She wrote 18 books comprising of 3 *attakadhas.*

**K. M Soundaravalli**:

She was a Tamilian lady belonging to the 20th century who spent her childhood in the Andra region and was therefore more conversant with Telugu. She wrote many compositions including some 30 for Tyagaraja for which notations are also available. Her daughter and son-in-law publicized her work.



**Ambujam Krishna**:

She was born on 1917. After her visit to the Tyagaraja Samadhi at Thiruvaiyyar in 1951, she was deeply influenced by that place and started composing. Her songs were not tuned by



herself. She entrusted this task to some great musicians who also presented them in their concerts. She wrote more than 600 songs which were later tuned by vidwans like T. N Seshagopalan, Dr. S. Ramanathan, Semmangudi Sreenivasa Iyer etc.

This list continues with other contemporary composers like Kalyani Varadarajan, D. Pattammal, Neela Ramamoorthi, Padma Veeraraghavan, Mangalam Ganapathy, Ambujam Vedantham, Rukmini Ramani, Suguna Purushothaman, A. Kanyakumari, Lalgudi Vijayalekshmi, Dr. S. Sowmya, Panthula Rama, etc. Even now many women continue to contribute new compositions for Carnatic Music.

**ഡോ. ഷീജ കെ. പി**
**നെഹ്റു ആർട്സ് ആൻറ് സയൻസ് കോളേജ്, കാഞ്ഞങ്ങാട്**

# അത്ര നിഷ്കളങ്കമല്ല നവോത്ഥാനം: വള്ളത്തോളിന്റെ കൊച്ചുസീതയ്ക്കൊരു വായന

നവോത്ഥാനത്തിന്റെയും ദേശീയതയുടെയും യൗവ്വന തീക്ഷ്ണത വള്ളത്തോളിന്റെ കവിതകളുടെ സഹജഭാവമാണ്. കവിതയിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നതല്ല അദ്ദേഹത്തിന്റെ സാമൂഹ്യോന്നമന പ്രവർത്തനങ്ങൾ. സാമൂഹ്യപ്രശ്നങ്ങളെ ലക്ഷ്യബോധത്തോടെ നേരിട്ട കവിതകളാണ് അദ്ദേഹത്തിന്റേത്.  എങ്കിലും പാരമ്പര്യത്തിന്റെ ശീലങ്ങളും ബോധങ്ങളും കവിതയിൽ സൂക്ഷ്മരൂപത്തിൽ ബാക്കിയാകുന്നുണ്ട്. നവോത്ഥാനശ്രമങ്ങൾക്കിടയിലും സാമ്പ്രദായിക വ്യവഹാരങ്ങൾ കവിതയെ ബാധിക്കുന്നുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ മാന്യതയുള്ള ദേശീയതാ നിർമ്മിതിക്ക് കിടയറ്റ ഉപകരണമായാണ് ഇന്ത്യയിൽ രാമായണ കാവ്യം വർത്തിച്ചത്. അതിലൂടെ സീത ഇന്ത്യൻ സ്ത്രീകളുടെ മാതൃകയായി പുനരവതരിക്കുകയും ചെയ്തു. നവോത്ഥാനമൂല്യകല്പനകളെ വിചാരണ ചെയ്യുന്നതിന്റെ ഭാഗമായാണ് വള്ളത്തോളിന്റെ കൃതികളെ പുനർവായിക്കുന്നത്. 'കൊച്ചുസീത' ഈ നിലയിൽ ശ്രദ്ധയർഹിക്കുന്നുണ്ട്.

കൗമാരക്കാരിയായ ചെമ്പകം തന്റെ മണിമേടയിലിരുന്ന് ഒരു നട്ടുച്ചയ്ക്ക് രാമായണം വായിക്കുന്നത് വർണ്ണിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. അരികിലായി കാമന്റെ ഒടിഞ്ഞ വില്ലുപോലെ അവളുടെ മുത്തശ്ശിയായ വേശ്യസ്ത്രീയുമുണ്ട്. സീതയുടെ അന്യാദൃശമായ പതിഭക്തി ചെമ്പകത്തെ മോഹിപ്പിക്കുന്നു. തനിക്കും അതുപോലെ ഒരുവനെമാത്രം സ്നേഹിച്ചുജീവിച്ചുമരിക്കണമെന്ന് ചെമ്പകം ആഗ്രഹിക്കുന്നു. ഇന്ത്യൻ വേശ്യാകുലത്തിന് വിവാഹമോ പ്രണയമോ പാതിവ്രത്യമോ നിഷിദ്ധമാണ്. ആയതിനാൽ ചെമ്പകത്തിന്റെ ആഗ്രഹം കുലധർമ്മത്തിനെതിരായിരുന്നു. എങ്കിലും അവളുടെ ആഗ്രഹം കണ്ട കവി ഇങ്ങനെ പാടിപ്പോകുന്നു.

അമ്പോ മഹിമാവിതാർഷഭൂവേ തവ

വൻപോർക്കളത്തിലും നിഷ്കാമകാഹളം

വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി

വേശക്കുടിലിലും ചാരിത്ര്യസൗരഭം!

പോർക്കളത്തിലെ നിഷ്കാമകാ



ഹളം ഗാന്ധിജിയുടെ അഹിംസാധിഷ്ഠിത സത്യാഗ്രഹസമരത്തെ ആദരിക്കുന്ന വാക്കുകളാണ്.

വേടക്കുടിലിൽ ബ്രാഹ്മണ്യസമ്പത്ത് എന്ന് അത്ഭുതം കൂറുന്നതിൽ ഇന്ത്യൻ സമൂഹത്തെ ആയിരത്താണ്ടുകളായി ബാധിച്ചിരിക്കുന്ന ബ്രാഹ്മണ്യപ്രത്യയശാസ്ത്രത്തോടുള്ള ഉദാസീനമോ വിമർശരഹിതമോ ആയ നില കാണാം. വേടക്കുടിലിൽ നിന്നാണ് ഇന്ത്യൻ കാവ്യകലയുടെ ആദ്യാങ്കുരം എന്ന് സാക്ഷാൽ വാൽമീകിരാമായണം വിവർത്തനം ചെയ്ത വള്ളത്തോളിന് അറിയാതെയല്ലല്ലോ ഈ വിസ്മയം.

ബ്രാഹ്മണ്യത്തിന് വിധേയമായ ഹിന്ദുസ്വത്വബോധത്തിലേക്ക് പന്ത്രണ്ടാം നൂറ്റാണ്ടിലെ രാമചരിതം മുതലുള്ള മലയാളകവിതകൾ ചേക്കേറാൻ തുടങ്ങിയിരിക്കുന്നു. വേശക്കുടിലിലെ ചാരിത്ര്യസൗരഭമാണ് കാവ്യവിഷയം. ചാരിത്ര്യം സ്ത്രീയെ ആണധികാരവ്യവസ്ഥയ്ക്ക് വിധേയമാക്കാനുള്ള ഉപാധിയായി നിലനിർത്തുന്ന മൂല്യകല്പനയാണ്. ഇന്ത്യയിൽ ചാരിത്ര്യപട്ട മുതൽ സതിവരെ വിവിധ മാർഗങ്ങൾ ഉപയോഗിച്ച് ഈ മൂല്യത്തെ സംരക്ഷിക്കാനായി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സീതയെ ചാരിത്ര്യത്തിന്റെ ഉത്തമദൃഷ്ടാന്തമായി ഉയർത്തിക്കൊണ്ടുവന്നത് സ്വാതന്ത്ര്യസമരകാലത്തെ നവോത്ഥാനശ്രമങ്ങളാണ്. മികച്ച സ്ത്രീകഥാപാത്രങ്ങളായി കാവ്യലോകം സ്മരിക്കുന്ന ഇതിഹാസങ്ങളിലെ സ്ത്രീകളൊന്നും തന്നെ കേവല ചാരിത്ര്യത്തിന്റെ പേരിലല്ല ശ്രദ്ധേയരാകുന്നത്. അഹല്യ, താര, മണ്ഡോദരി, ദ്രൗപദി, സീത എന്നിവർ അനുഭവവിചിത്രമായ ജീവിതത്തെ നേരിട്ടവരാണ്. അത്തരത്തിൽ വൈജാത്യമുള്ള വായനാനുഭവങ്ങളിൽ നിന്ന് സീതയെ മാത്രം തെരഞ്ഞെടുത്തത് രാഷ്ട്രീയ/സാംസ്കാരികമായ തീരുമാനങ്ങളുടെ ഫലമായിട്ടായിരുന്നു. വിവിധാചാരബഹുസ്വരമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തെ ദേശീയതയുടെ ഏകധാരയിലേക്ക് ക്രോഡീകരിക്കാനുള്ള ശ്രമമായിരുന്നു ഫലത്തിൽ സീതാമാതൃക.

വാസ്തവത്തിൽ ആണധികാരം കരുതുന്നത്ര ഋജുവല്ല സീതയുടെ പാത്രനിർമ്മിതി. ആകാവുന്നത്ര സ്വയം നിർണ്ണയിച്ചവളാണ് സീത. കാട്ടിലേക്ക് രാമനെ അനുഗമിച്ചതിൽ സ്വേച്ഛയുണ്ടായിരുന്നു. സ്വരാജ്യത്ത് തിരികെയെത്തി സുരക്ഷിതയായപ്പോൾ മാത്രം ഗർഭം ധരിച്ചു. മക്കളെ ഒറ്റയ്ക്ക് പോറ്റിവളർത്തി. ജീവിതം സ്വയം അവസാനിപ്പിച്ചു. സ്വാധികാരം കയ്യാളിയ ഒരുവളാണ് സീത. അനേകം പ്രതിസന്ധികൾ ഉണ്ടായിരുന്നു എങ്കിലും ലങ്കയുടെ ലക്ഷ്മിയാക്കാമെന്ന പ്രലോഭനത്തിലെന്നപോലെ ഒന്നൂടി തീയിൽ ചാടിയാൽ അയോധ്യയിൽ വാഴിക്കാമെന്ന പ്രലോഭനത്തിലും ഒട്ടും വഴങ്ങാത്ത കരുത്തായി സീതയെ കാണാൻ സാധിക്കുന്നു. എന്നാൽ ദേശീയതാ സങ്കല്പത്തിലെ സീത രാമനെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന പതിവ്രത മാത്രമാണ്. ചെമ്പകം താൻ സീതയെപ്പോലെ ചാരിത്ര്യവതിയാകണം എന്നാശിക്കുന്നതിൽ ഈ ദേശീയതാ സ്ത്രീ മാതൃകയാണ് വർത്തിക്കുന്നത്. ദേവദാസി സമ്പ്രദായം അതിന്റെ ജീർണ്ണതയുടെ പരകോടിയിലായ കാലത്താണ് ഈ കാവ്യം വരുന്നത്. ചെമ്പകത്തിന്റെ ചാരിത്ര്യസ്വപ്നത്തിന് അതിനാൽ തന്നെ ചെമ്പകസുഗന്ധമുണ്ടായി. 'കൊച്ചുസീത' വേശ്യാകുലവൃത്തിയോടുള്ള സമരായുധമായി വായനാസമൂഹം ഏറ്റെടുക്കുകയും ചെയ്തു.

കൊച്ചുമകൾ ചെമ്പകം സ്വർഗ്ഗം വരെ തങ്ങളുടെ കുലമഹിമ എത്തിക്കണമെന്ന താൽപര്യമായിരുന്നു

മുത്തശ്ശിക്ക് ഉണ്ടായിരുന്നത്. കുല ധർമ്മാചരണം ഇന്ത്യൻ ധാർമ്മികതയുടെയും മോക്ഷസങ്കല്പത്തിന്റെയും ഏകമാർഗമാണ്. എന്നാൽ ഈ കുലമഹിമ ദേശീയതയെന്ന പുതിയ സ്വപ്നത്തിനുവേണ്ടി മാറ്റിനിർത്തണമെന്ന് കവിത ആഹ്വാനം ചെയ്യുന്നു. ഉയർന്നുവരുന്ന സ്വതന്ത്ര ഇന്ത്യയിൽ ഈ ജീർണ്ണവൃത്തി അചിന്ത്യമായിരുന്നു. ബ്രാഹ്മണ്യ കുലത്തെ ഇത്തരം വിമർശനത്തിനു പക്ഷേ വിധേയമാക്കാൻ കൊച്ചുസീതയ്ക്ക് കഴിഞ്ഞിട്ടില്ല. വേദാന്തത്തിന്റെ ഭാഷയിൽ ബ്രാഹ്മണ്യത്തെ അമൂർത്ത ഗുണസങ്കല്പനമാക്കി മാറ്റുന്ന വിദ്യയാണ് അനുവർത്തിച്ചു കാണുന്നത്.

ദേവാർച്ചനത്തിനായ് ലോകം സമർപ്പിച്ച

പൂവുകളാവുന്ന തേവിടിസ്ത്രീകളെ

മൂർദ്ധനാ വഹിക്കുന്ന വൈദികൻ കുടിയും

ക്ഷേത്രപ്രസാദത്തെയെന്ന പോലാദരാൽ

എന്ന വരികളിൽ വൈദികൻ കുടിയും എന്ന് സമൂഹശ്രേണിയുടെ ഉച്ചസ്ഥാനത്തെ വള്ളത്തോൾ ശങ്കാലേശമില്ലാതെ ഉറപ്പിക്കുന്നത് കാണാം. വൈദിക ബ്രാഹ്മണ്യത്തിന്റെ നീചവൃത്തിയാണ് കുലാചാരസങ്കല്പനമെന്നും അതിന്റെ ഇരയാണ് മുത്തശ്ശിയും ചെമ്പകവും എന്നും കാണാൻ കവിക്ക് പറ്റിയിട്ടില്ല. ചെമ്പകത്തിന്റെ ജീവിതം ദുസ്സഹമാകുന്നതിന്റെ ഉത്തരവാദിത്തം മുത്തശ്ശിയിൽ കെട്ടിവെച്ച് തൃപ്തിയടയുന്ന കവിത. മുത്തശ്ശിയ്ക്ക് സീതയുടെ മാതൃകയിൽ ചോദ്യമുണ്ട്.

ആദ്ദശകണ്ഠൻ കിഴിഞ്ഞപേക്ഷിക്കില്ല–

മത്രപതിഭക്തി കാണിച്ച സീതയെ

പത്തും തികഞ്ഞ നാളുക്ഷതരക്ഷ്യക്കൾ

തത്തിന കാട്ടിൽ കളഞ്ഞീലയോ പ്രിയൻ

കവിതയിൽ ഇതിനുത്തരമില്ല. സീതയെ മാതൃകയാക്കിയ സ്വാതന്ത്ര്യസമരദേശകാലങ്ങളിൽ ചെമ്പകം സ്വാധീനപ്പെടുന്നു. കൗമാരത്തിന്റെ ചോരതിളക്കുന്ന ആദർശാവേശങ്ങളിലേക്ക് യാത്രയാവുന്നു.

നിന്ദിക്കുമ്പോൾ മനുഷ്യർ സത്യം വിളിച്ചുപറയും. സതീധർമ്മത്തെ കുരങ്ങിനെപ്പോലെ ആടേണ്ടിവരുന്ന അവസ്ഥ എന്ന് മുത്തശ്ശി പറയുന്നുണ്ട്. പിൽക്കാല സ്ത്രീവാദം ഇത് അംഗീകരിക്കുന്നുണ്ട്. കാണുന്നവർക്കും പാടുന്നവർക്കും സൗന്ദര്യം തോന്നുന്നുവെങ്കിലും അനുഭവത്തിൽ മുൾമുരിക്കുപൂവാണ് സതീവ്രതം എന്നും കവിതയിലുണ്ട്. ദുർഗാഹ്യമായതു വർണ്ണിക്കുന്ന വാധ്യാരോടാണ് കവി കിഴവിയായ വേശ്യാസ്ത്രീയെ ഉപമിക്കുന്നത്. ഈ ദുർഗ്രാഹ്യത യെ പഠിച്ച് മനസ്സിലാക്കാനുള്ള ശ്രമമായിരുന്നു ചിന്താവിഷ്ടയായ സീത മുതൽക്കുള്ള സ്ത്രീവാദ രചനകൾ. വേശ്യാവൃത്തിക്കു നിർബന്ധിക്കുന്ന മുത്തശ്ശിയെ വഴിക്കുള്ളമായി (അയിത്തബോധം നിഹിതമായ പ്രയോഗം) കവിത ദർശിക്കുന്നു. അതിന്റെ ശുദ്ധാശുദ്ധങ്ങളെ നിർണ്ണയിക്കുന്ന അധികാരകേന്ദ്രത്തെ മനസ്സിലാക്കാൻ കവിത വിമുഖത കാണിക്കുന്നു. ആരുടെ നിർമ്മിതിയാണ് ഈ കെട്ടകുലവും അതിന്റെ ധർമ്മകർമ്മങ്ങളും എന്ന ചോദ്യത്തിൽ നിന്ന് കവിത ഒളിച്ചോടുന്നു. അമ്പതുവയസ്സുള്ള പുരുഷനെ രാവണവേഷം കെട്ടിക്കുന്നതിലൂടെ രാവണനെ വില്ലനാക്കി ഉറപ്പിക്കുകയും കുലധർമ്മവ്യവസ്ഥയുടെ നിർമ്മാതാക്കളെയും പരിചരിപ്പുകാരെയും സമർത്ഥമായി മറച്ചുപിടിക്കുകയും ചെയ്യുന്നുണ്ട്. വൈദിക ബ്രാഹ്മണ്യത്തിന്റെ അധികാരേച്ഛയെയും ആന്തരവൈരുദ്ധ്യങ്ങളെയും തമസ്കരിച്ചുകൊണ്ട് ധർമ്മച്യുതിക്ക് ദുഷ്പ്പുത്രത്വം എന്ന് ആരിലേക്കുംചൂണ്ടാത്ത വാക്കുപയോഗിക്കുകയാണ് കവി.

ചാരിത്ര്യത്തിന്റെ ഹിരണ്മയപാത്രം കൊണ്ട് ജാത്യാചാരത്തിന്റെ അപ്രിയവും അസഹ്യവുമായ സത്യങ്ങളെ മൂടിവെക്കുകയാണ് കവി. ശീലാവതി, സാവിത്രി, ദമയന്തി, വാക്പുഷ്ട, മീര, ചിറ്റൂർ റാണി പത്മിനി എന്നിങ്ങനെ വ്യവസ്ഥയുടെ ഇരകളായ പലതരം സ്ത്രീകളെ കവിത ചാരിത്ര്യം എന്ന ഒറ്റനൂലിൽ കോർത്തിടുന്നു. ശീലാവതിയെയും സീതയേയും ഒരേ അളവുകോലിനാൽ മഹതികളാക്കുമ്പോൾ തങ്ങളെ അനുസരിക്കലാണ് സ്ത്രീധർമ്മം എന്ന ബ്രാഹ്മണ പുരുഷാധികാരത്തിനു പുറത്തല്ല കൊച്ചുസീത എന്നു വ്യക്തമാവുന്നു.

ശാരീരികമായ മാനക്ഷയത്തേക്കാൾ ഭേദം മരണമാണെന്ന് കരുതുന്നവരാണ് ഭാരതസ്ത്രീകൾ. അതിന്റെ ആദിരൂപമാണ് സീത. ചാരിത്ര്യ പരീക്ഷയുടെ ആണധികാരത്തോട് വിയോജിക്കാൻ സീത സ്വീകരിച്ച സമരമാർഗ്ഗം മരണമാണ്. പിൽക്കാല ഇന്ത്യൻ സാഹിത്യത്തിൽ പുരുഷാധികാരത്തെ ചോദ്യം ചെയ്യുന്ന സ്ത്രീകൾ സ്വയമോ അല്ലതെയോ മരണത്തെ പുൽകുന്നു. അംബ, വേദവതി, സതി, കണ്ണകി, മാക്കപ്പോതി, മുച്ചിലോട്ട് ഭവഗതി, നളിനി, ലീല, വാസവദത്ത എന്നിങ്ങനെ പൗരാണികരോ ആധുനികരോ എന്ന് ഭേദമില്ലാതെ ക്ലാസിക്കോ ഫോക്കോ എന്ന് ഭേദമില്ലാതെ സവർണമോ അവർണമോ എന്ന് ഭേദമില്ലാതെ ഇന്ത്യൻ സ്ത്രീജനങ്ങൾ സാഹിത്യത്തിലും ഇതര കലകളിലും ജീവിതത്തിലും വേട്ടയാടപ്പെടുകയും കൊലയിലോ ആത്മഹത്യയിലോ കലാശിക്കുകയും ചെയ്തു.

സമരത്തിന്റെയും പ്രതിഷേധത്തിന്റെയും തീക്ഷ്ണരൂപമായി നിരാഹാരത്തെ/മരണത്തെ പ്രതിഷ്ഠിക്കുക വഴി ഗാന്ധിജി ഇതിനെ ഒന്നുകൂടി ഉൽകൃഷ്ടമാക്കി. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം എന്ന് രാഷ്ട്രസ്വാതന്ത്ര്യത്തെപ്പറ്റിയല്ലാതെ ആണധികാരത്തെപ്പറ്റിയാണെന്ന് കരുതാനേ കഴിയില്ല. ഉദാത്തീകരിച്ച കന്യകാത്വ/ചാരിത്ര്യസങ്കല്പങ്ങൾ ലിംഗനീതിക്ക് നിരക്കുന്നതല്ല. ജീർണ്ണവ്യവസ്ഥയിൽ നിന്ന് അസാധ്യവൃത്തിയിലേക്കാണ് ചെമ്പകമെന്ന കൊച്ചുസീത സഞ്ചരിച്ചത്. അതിനുവേണ്ടിയുള്ള മരണത്തെ ജാതി പുരുഷാധികാരം മാത്രം ന്യായീകരിക്കും. കൊളോണിയൽ മാന്യതാസങ്കല്പവും ഇന്ത്യൻ ജീർണ്ണ പാതിവ്രത്യ സങ്കല്പവും ഒരുമിച്ച് നടത്തിയ കൊലപാതകമാണ് കൊച്ചുസീതയുടേത്.

**Sreelekshmi A R**
Sree Sankara Vidyapeetom College, Valayanchirangara

# Pandora and the Jar

Gods treasured
fire with utmost pleasure,
but Prometheus ventured
to bring humans welfare.

Never could Zeus
forgive Prometheus,
and sought ways myriad
to take his revenge.

Prometheus warned
Epimetheus his brother,
that Zeus can design
ploys mortals can ever feign.

Sculpted was a woman-
and was gifted-
wisdom, beauty, cunning
by Athena, Aphrodite, Hermes.

Pandora was she named-
was thrusted upon a jar
by Zeus who proclaimed-
never to open it, at all!
Ordered and sent was she
- to Epemetheus-
to gift the jar
in tact, unopened.

Epimetheus welcomed
Pandora- who- tempted,
opened the jar-
alas! Out of the jar-
came to this world-
Hatred, Hunger, War...!


Legends and myths hold
Many a woman
Who can never stop
themselves being curious:
Pandora or Eve,
stare all so naive
at some treacherous mystery
which kindles all misery!



**ഡോ. ശ്രീവൃന്ദാ നായർ എൻ**
**എൻ.എസ്.എസ്. ട്രെയിനിങ് കോളേജ്, പന്തളം**

# ഇവരെങ്ങനെ കമ്മ്യൂണിസ്റ്റായി?


കോമൂനിസം (comunism) എന്ന ലാറ്റിൻപദത്തി നിന്നാണ് കമ്യൂണിസം എന്ന പദ ത്തിന്റെ നിഷ്പത്തി.' പൊതുവായത് '(common, universal) എന്നർത്ഥം വരുന്ന 'കോമൂനിസ് ' എന്ന പദം വർഗ്ഗരഹിതമായ സാമൂഹികവ്യവ സ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്. കക്ഷിരാഷ്ട്രീയ വർഗ്ഗ വർണ്ണ ഭിന്ന മായി ലക്ഷ്യം വെയ്ക്കുന്ന ആശയ സംഹിതയാണ് ഇതിന്റെ നട്ടെല്ല്. പങ്കിട്ടെടുക്കൽ എന്ന മനോഭാവവും സ്വാർത്ഥരഹിതമായ കാഴ്ച്ചപ്പാടു കളും ഇതിന്റെഭാഗമായിരുന്നു. (it is a theory or system of social organization in which all property is owned by the community and each person contributes and receives according to their ability and needs) കമ്മ്യൂണിസം മുന്നോട്ടുവെ യ്ക്കുന്ന ആശയധാരകൾ സൂക്ഷ്മമായി അപഗ്രഥിച്ചാൽ അതിലുൾച്ചേർന്നി രിക്കുന്ന സാംസ്കാരികലോകം നമുക്കു ദൃശ്യമാകും. സംസ്കാരമെ ന്നത് ബൃഹത്തും സമഗ്രവുമായ ഒരു പദമായി വ്യവഹരിക്കുന്നിടത്താണ് ആ ദൃശ്യം ജീവസുറ്റതാകുന്നത്. ഒരു വ്യക്തിയുടെ സമഗ്രവികസനം അവന്റെ വ്യക്തിപരവികസനം മാ ത്രമല്ല,സാമൂഹികവും മാനസികവും വൈകാരികവുമായ വികസനമാണ ത്. ചിന്തയുടെ ഉയർന്ന തലത്തിൽ വ്യാപരിക്കുവാനും അതിനനുസൃത മായി ധീരതയോടെ പെരുമാറുവാ നും കഴിയുക എന്നത് ലഘുവായ കാര്യമല്ല. ഉപരിപ്ളവചിന്തകൾ ക്കുപരിയായി ജീവിതലക്ഷ്യങ്ങളെ വ്യാഖ്യാനിക്കുന്നിടത്താണ് ഇത്ത രം ഉയർന്ന ചിന്തകൾക്ക് പ്രാധാന്യ മുണ്ടാകുക. ബഹുഭൂരിപക്ഷവും വി സ്മരിക്കുന്ന-വിസ്മരിക്കേണ്ടിവരുന്ന- ഇത്തരം ചിന്തകളെ ജീവിതത്തി ൽ പ്രാവർത്തികമാക്കുന്നിടത്ത് സംസ്കാരത്തിന്റെ അന്തസത്തയാ ണ് അലിഞ്ഞുചേരുന്നത്. മനുഷ്യൻ മനുഷ്യനെ മനുഷ്യനായി കാണുക എന്നത് മാലോകർ ഉണ്ടായ കാലം മുതൽ ആവർത്തിക്കുന്നതാണ്. പ്രയോഗവും പ്രവർത്തനവും ഏകമാ യി കാണുന്നിടത്ത് ജയിക്കുന്നതും മൗലികമായ, ഉന്നതമായ ആശ യങ്ങളാണ്. കേരളത്തിന്റെ സാം സ്കാരികഭൂപടത്തിൽ അടയാളപ്പെ ടുത്തിയിട്ടുള്ള പേരുകൾ ഒന്നോടിച്ചു നോക്കിയാൽ നമുക്കു വ്യക്തമാകുന്ന അനവധി കാര്യങ്ങളുണ്ട്. മാനുഷി കചിന്തകൾക്കും സഹജീവിസ്നേ ഹത്തിനും ജീവിതത്തിൽ പ്രഥമ സ്ഥാനം നൽകിയവരെല്ലാം തന്നെ ആ ചിന്തകളെ സമൂഹത്തിലേക്കു വ്യാപിപ്പിക്കുവാനും ശ്രമിച്ചവരാണ്. അവിടെയാണ് കമ്മ്യൂണിസം സം സ്കാരത്തിന്റെ ഭൂമികയാവുന്നത്. വ്യക്തിസത്തയെ മനസ്സിലാക്കുവാ നും സാമൂഹിക അവസ്ഥകളുമായി പൊരുത്തപ്പെട്ടുകൊണ്ട് ഇടപെട ലുകൾ സാദ്ധ്യമാക്കുവാനും അവർ യത്നിച്ചത് നാം തിരിച്ചറിയണം. മനുഷ്യനിലും അവന്റെ നന്മയിലും



വിശ്വസിക്കുവാനും കഴിയുന്നതുപോലെ അപരന്റെ കണ്ണീരൊപ്പാനും കഴിയുക എന്നത് ജീവിതധർമ്മമാണെന്ന തിരിച്ചറിയുന്നവരെ നാം വായിക്കുന്നു. ആ തത്വശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്നതും മാനുഷികാവബോധം തന്നെ. യഥാർത്ഥ ജനാധിപത്യത്തിന്റെ അടിത്തറയും ഇത്തരം നൂതന വീക്ഷണങ്ങളാണ്. അവ സമൂഹത്തിലേക്ക് പടർത്താനുള്ള ഉപാധി തന്നെയാണ് സാഹിത്യസൃഷ്ടികളെല്ലാം തന്നെ. ആ ഉത്തരവാദിത്തം ഭംഗിയായി നിറവേറ്റുന്ന സാഹിത്യകാരൻമാരിലും തെളിഞ്ഞു നിൽക്കുന്നത് സമൂഹ ക്ഷേമതല്പരത തന്നെയാവണം. സാർവ്വത്രികം എന്ന അർത്ഥം ഉൾക്കൊള്ളുന്ന മൂല്യങ്ങളുടെ ചേർച്ചയായ കമ്മ്യൂണിസമെന്ന സിദ്ധാന്തം തത്വശാസ്ത്രം, സാമൂഹികം, രാഷ്ട്രീയം, സാമ്പത്തികം എന്നീ വിശ്വാസസംഹിതകളുമായും ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികമായ ഏകത തന്നെയാണ് അടിസ്ഥാനമതം. നവോത്ഥാനകാല്പനികത്വത്തിനും സോഷ്യലിസ്റ്റ് റിയലിസത്തിനും കേരളമണ്ണിൽ സ്ഥാനമുണ്ടാകുവാൻ നവോത്ഥാനനായകരുടെ പ്രവർത്തനങ്ങളിലൂടെ സാധിച്ചു. 'സഖാക്കളെ' എന്ന പദം ആദ്യമായി ഉപയോഗിച്ച് സാമൂഹികരംഗത്ത് ശ്രദ്ധയാർജ്ജിച്ച സഹോദരൻ അയ്യപ്പൻ സാമൂഹിക അനാചാരങ്ങൾക്കെതിരെ പോരാടിയ വ്യക്തിയാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന മാർക്സിനെപ്പറ്റി 1912 മലയാളത്തിൽ ലേഖനമെഴുതിയ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിലൊരാളും എഴുത്തുകാരനുമായിരുന്ന കെ ദാമോദരൻ, കേശവദേവ്, സി.ജെ. തോമസ്, ജോസഫ് മുണ്ടശ്ശേരി, പൊൻകുന്നം വർക്കി, തകഴി അങ്ങനെ എത്രയോ പേർ. കമ്മ്യൂണിസ്റ്റ് ആശയങ്ങളിലും ആദർശങ്ങളിലും ഉറച്ചുനിന്ന് വിപ്ളവാത്മകമായി നാടിന്റെ നന്മയ്ക്കായി ശബ്ദമുയർത്തിയ കഥാകാരൻമാരും കവികളും നോവലിസ്റ്റുകളും ഏറെയാണ്. എല്ലാവ











രെയും പേരെടുത്തു പറയുക എന്നത് ശ്രമകരമാണ്.സാമൂഹികമായ ഉച്ച നീചത്വങ്ങൾ,ചൂഷണവർഗ്ഗസമീപ നങ്ങൾ,അന്ധവിശ്വാസങ്ങളുടെയും കുടിപ്പകയുടെയും ചിത്രങ്ങൾ,സാമൂ ഹിക അരക്ഷിത്വം എന്നിങ്ങനെ എത്രയോ പ്രശ്നങ്ങൾക്ക് കൃത്യ മായി ഇടപെടലുകൾ നടത്തുവാനും തങ്ങൾ ചേർത്തുപിടിച്ചിരിക്കുന്ന ആശയങ്ങളെ യുക്തിപൂർവ്വം അവ തരിപ്പിക്കുവാനും കഴിഞ്ഞവർ ഏറെയാണ്. ഇത്തരം അടിസ്ഥാനാ ശയങ്ങൾ കൈമുതലാക്കിയവരും സാഹിത്യ പ്രവർത്തനങ്ങളിലൂടെ അക്ഷരാഗ്നിയിലൂടെ അത് സംക്രമി പ്പിക്കുവാൻ കഴിഞ്ഞവരെയും വേറെ എവിടെയാണ് കണ്ടെത്താനാകുക? മറ്റൊരു പ്രസ്ഥാനത്തിലും ഇത്തരം സാംസ്കാരികസമ്പത്തിനർഹ മായ വ്യക്തികളുടെ ഘോഷയാത്ര കാണാനാകുമോ എന്ന ചിന്തിക്കേ ണ്ടിയിരിക്കുന്നു. മാനവികതയും തുല്യനീതിയും ഉറപ്പാക്കുവാനുള്ള ശ്രമങ്ങൾ നടത്തിയവരെല്ലാം














ഇത്തരം മൗലികരചനകളിലൂടെയായിരുന്നു അത് സാധ്യമാക്കിയത്. തൊഴിലാളിവർഗ്ഗത്തിന്റെ ക്ഷേമത്തിനുവേണ്ടിയുള്ള ആശയങ്ങൾ ജ്വലിച്ചുനിന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തി ൽ. 'സംഘടിച്ചു ശക്തരാകുക' എന്ന ചിന്താഗതിക്ക് ഏറെ പ്രാധാന്യം നൽകി. കമ്യൂണിസ്റ്റ് പ്രവർത്തകരുടെ പ്രയത്നത്താൽ കർഷക കുടുംബങ്ങളിലെയും മറ്റു തൊഴിലാളി കുടുംബങ്ങളിലെയും സ്ത്രീകളെ ചേർത്ത് പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്ക് വനിതകളെ കൂട്ടിക്കൊണ്ടുവന്നത് ഏറെ ശ്രദ്ധേയമാണ്. 1942ൽ ആയിരുന്നു അത്. അർഹതപ്പെട്ട അവകാശങ്ങൾ ധൈര്യപൂർവ്വം ചോദിച്ചുവാങ്ങുവാനും കർഷകക്ഷേമത്തിനു വേണ്ടി പ്രയത്നിക്കുവാനും യത്നിച്ച ഒരു സമൂഹം. സിനിമാ നാടക സാഹിത്യ സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭരുടെ ചിന്തകളെ ഒന്നു വിശകലനം ചെയ്താൽ അതിൽ സമഭാവനയുടെയും വർഗ്ഗരാഹിത്യ ചിന്തകളുടെയും അലകളാണ് കാണുവാൻ കഴിയുക. മലയാളിയുടെ ഹൃദയതാളങ്ങളെ ഉർവ്വരമാക്കുവാൻ സംഭാവനകൾ ന കിയവരെ ഓർമ്മിക്കാം. മനുഷ്യത്വവും സ്നേഹവും കൈമുതലാക്കി വെറുപ്പിന്റെ തത്വശാസ്ത്രങ്ങളെ അകലേക്കു പായിക്കുവാൻ ആഗ്രഹിച്ച പ്രതിഭകൾ. (ഇവിടെയും ആരുടെയും പേരെടുത്തു പറയുന്നില്ല.വായനക്കാരന്റെ ചിന്തകളെ സ്വതന്ത്രമാക്കുവാൻ ആഗ്രഹിക്കുന്നു)

കമ്മ്യൂണിസമെന്ന ആശയസംഹിത് മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളിൽ പ്രധാനമാണ് മാനവികത. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുകയും കരുത്തിന്റെ കരങ്ങൾ പടർത്തുകയും ചെയ്യുന്നിടത്താണ് മാനവികത ജയം കാണുന്നത്.നവോത്ഥാനനായകൻമാരെല്ലാം തന്നെ ശബ്ദമുയർത്തിയതും മനുഷ്യനിലെ ഏകത്വചിന്തയുടെ ഉടലെടുപ്പിനായിട്ടായിരുന്നു. മതാന്ധതയ്ക്കും അനീതികൾക്കും അനാചാരങ്ങൾക്കുമെതിരെ ശബ്ദമുയർത്തുകയും പൊതുവിദ്യാഭ്യാസം വളർത്തുവാൻ അക്ഷീണം യത്നിക്കുകയും ചെയ്ത എത്രയോ പേർ. വ്യക്തിസത്ത എന്നതിനപ്പുറം മനുഷ്യൻ സാമൂഹിക ജീവിയാണെന്ന ബോധമാണ് ഇവിടെ ഏറ്റവും പ്രസക്തം. ഉന്നതമായ ആകാഴ്ച്ചപ്പാടാണ് സമൂഹബോധത്തെ നയിക്കേണ്ടതും. ജാതിചിന്ത സമൂഹത്തെ കാർന്നുതിന്നുന്ന ദുര്യോഗമായി മാറിയപ്പോൾ അതിനെതിരെ പ്രതിഷേധാഗ്നി ആളിക്കത്തിക്കേണ്ടിവന്നു. മനുഷ്യൻ മനുഷ്യനെ മനുഷ്യനായി കാണുക എന്ന മഹത്തായ വീക്ഷണം കമ്മ്യൂണിസത്തിന്റെ കേന്ദ്രാശയമായിരുന്നു.വ്യക്തിവികാസത്തിനു ഹേതുവാകുന്നതും ഇത്തരം വീക്ഷണം തന്നെ. ഈ ആശയത്തെ തങ്ങൾ വ്യാപരിക്കുന്ന മേഖലകളുമായി ചേർത്തു നിർത്തി ആവിഷ്കരിക്കുവാൻ ശ്രമിച്ചതിന്റെ ഫലമാണ് നാം ഇന്നും അഭിമാനത്തോടെ ചേർത്തു നിർത്തുന്ന നമ്മുടെ സാഹിത്യകൃതികളൊക്കെത്തന്നെ. ജീർണ്ണിച്ച ജാതിക്കോമരങ്ങൾക്കെതിരെ തൂലിക ചലിപ്പിക്കുവാൻ യത്നിച്ച മഹാരഥൻമാരെ മലയാളം എന്നും ഓർക്കും. അധികാരവും സമ്പത്തും കൈയാളി പ്രഭുക്കൻമാരായി വാണിരുന്ന സമൂഹത്തിന്റെ ജാതകം തിരുത്തുവാൻ ശേഷിയുള്ള നായകരായിരുന്നു ഇത്തരം അന്ധതകളെ തുടച്ചുനീക്കിയത്. ചിന്താതലത്തിൽ രൂപപ്പെടുന്ന ആശയങ്ങളെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിൽ അവർ വിജയിച്ചു. കാലത്തെ ഗ്രസിച്ച പൊയ്മുഖങ്ങളെയും കാപട്യങ്ങളെയും മനോഹരമായ വരികളിലൂടെ മലയാളി മനസ്സിലേക്കു കോറിയിട്ടു തന്ന വയലാറിനെ നാം ഓർക്കുന്നത് മനുഷ്യസ്നേഹത്തിന്റെ സ്പന്ദനങ്ങൾ തന്റെ ജീവനാഡികളിൽ തുടികൊട്ടിയ മഹാപ്രതിഭ എന്നാണ്. മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, 'മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു, മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി മണ്ണു പങ്കു വെച്ചു, മനസ്സു പങ്കുവെച്ചു' എന്ന വരികൾ ഉദാത്തമായ ചിന്തയുടെ സ്ഫുരണമല്ലാതെ മറ്റെന്താണ്? മനുഷ്യനിൽ നിന്നും മാലിന്യം നീ

ങ്ങിയാൽ മനുഷ്യൻ ദൈവമാകുമെ
ന്നും അതാണ് വിശുദ്ധമായ ദൈവ
സങ്കല്പമെന്നും നമ്മെ ഉദ്ബോധി
പ്പിച്ചു. വയലാറിനെപ്പോലെയുള്ള
പ്രതിഭകൾ വിശ്വാസമർപ്പിച്ചത്
മനുഷ്യപ്രയത്നത്തിലും പ്രയത്ന
ത്തിന്റെ പരകോടിയിൽ തെളിയുന്ന
നിത്യസന്തോഷത്തിലുമായിരുന്നു.
ഈശ്വരൻ കുടികൊള്ളുന്നത് പച്ചമ
നുഷ്യന്റെ മജ്ജയിലും മാംസത്തിലും
മനസ്സിനുള്ളിലുമാണ് എന്നു വിശ്വ
സിച്ച ദാർശനികർ പുലർത്തിയ
ആദർശങ്ങൾ കമ്മ്യൂണിസ്റ്റ് ചി
ന്താഗതികളുമായി സാമ്യപ്പെടുന്നു.
നാം ജീവിക്കുന്ന കാലഘട്ടത്തിലെ
പ്രഹസനങ്ങൾ കാണുമ്പോൾ
അറിയാതെ നമ്മുടെ മനസ്സിലേ
ക്കു കടന്നുവരുന്നവരാണ് ഈ
മഹാമനീഷികൾ. ഇതേ ആശയം
മനസ്സിൽ നിറച്ചു കാവ്യലോകത്തി
നിറഞ്ഞുനിന്ന എത്രയോ മഹാരഥ
ന്മാരെ നമുക്ക് ഉയർത്തിക്കാട്ടുവാൻ
കഴിയും. വ്യത്യസ്ത സംസ്കാരങ്ങ
ളുടെ ഉൾത്തുടിപ്പുകൾ കരഗതമാക്കു
വാൻ നമ്മെ പഠിപ്പിച്ച നാടാണ്
ഭാരതം. മതങ്ങളെയും ദൈവങ്ങളെ
യും സൃഷ്ടിച്ച മനുഷ്യൻ തെരുവിൽ
മരിക്കുമ്പോൾ മതങ്ങൾ ചിരിക്കുന്നു
എന്നു ക്രാന്തദർശിയായ കവി
പാടുമ്പോൾ സംസ്കാരശൂന്യനായ
മനുഷ്യനെ നാം ലജ്ജയോടെ നോ
ക്കിപ്പോകുന്നു. അതുകൊണ്ടാണ്
ഞാൻ നേരത്തെ സൂചിപ്പിച്ചത്
കലയും സാഹിത്യസൃഷ്ടികളും മനു
ഷ്യനെ സംസ്കാരവാനാക്കുന്നതി
ൽ ശ്രദ്ധേയമായ പങ്കു വഹിക്കുന്നു.
തങ്ങളുടെ സൃഷ്ടികളുടെ ഇന്ധനമാ
യി അവർ കണ്ടത് സാഹോദര്യവും
സഹവർത്തിത്വ മനോഭാവവുമാ
ണെന്നും സൂചിപ്പിക്കാം.

രാജ്യത്തിന്റെ സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ
പുനരുദ്ധാരണമില്ലാതെ ജനങ്ങളുടെ
ആത്മീയപുനരുദ്ധാരണം സാദ്ധ്യ
മല്ല. പട്ടിണി കിടക്കുന്ന ജനതയ്ക്കു
നൽകേണ്ടത് ആശയങ്ങളോ ആദർ
ശങ്ങളോ അല്ല, മറിച്ച് ഭക്ഷണമാ
ണ്. സമൂഹത്തെ അന്ധവിശ്വാസി
കളായ വിഡ്ഢികളായി കാണുന്ന
തിനെക്കാൾ ഉറച്ച നിരീശ്വരവാദി
കളായി കാണാനാഗ്രഹിച്ച സ്വാമി
വിവേകാനന്ദനെ ഓർത്തുപോകുന്നു.



അദ്ദേഹം ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു.
'നിരീശ്വരവാദിയെക്കൊണ്ട് എന്തെ
ങ്കിലും പ്രയോജനമുണ്ടായേക്കാം.
എന്നാൽ അന്ധവിശ്വാസം നിലനി
ൽക്കുമ്പോൾ മസ്തിഷ്കം മരിക്കുന്നു,
മനസ്സ് മരവിക്കുന്നു, ജീവിതമാകെ
അധപതിക്കുന്നു'. തൊട്ടുകൂടായ്മയും
തീണ്ടിക്കൂട്ടായ്മയും ഇല്ലാതാക്കു
വാനും മനുഷ്യനെ മനുഷ്യനായി
കാണുവാനും സമഭാവനയോടെ
ഏവരേയും വീക്ഷിക്കുവാനുമായി
നടത്തിയസഹനസമരങ്ങൾ
എണ്ണിയാൽ തീരാത്തതാണ്. മുത
ലാളി തൊഴിലാളി ചൂഷണങ്ങളും ജാ
തിവേർതിരിവുകളും അന്ധവിശ്വാ
സത്തിന്റെ പേരിൽ നടമാടിയിരുന്ന
ഭ്രാന്തൻ നടപടികളും നിർമ്മാർജ്ജ
നം ചെയ്യുവാൻ പ്രവർത്തിച്ച നവോ
ത്ഥാനനായകരുടെ ചിന്തകളിൽ
കുടികൊണ്ടത് മനുഷ്യദർശനമായി
രുന്നു.. മലയാളിമനസ്സിൽ നിറഞ്ഞു
നിൽക്കുന്ന മഹാകവികളെല്ലാം
മാനവികതയുടെ വക്താക്കളായിരു
ന്നു. യഥാർത്ഥ ഈശ്വരവിശ്വാസി
അവനവനിൽത്തന്നെ വിശ്വസിക്കു
ന്നവനാണെന്ന മഹത്തായ മന്ത്രം
നമ്മുടെ കാതുകളിൽ പ്രവഹിപ്പിച്ച
മനീഷികൾ. എഴുത്തിന്റെയും വാ
യനയുടെയും ലോകത്തു തങ്ങളുടെ
പ്രതിഭ തെളിയിച്ചവരെല്ലാംതന്നെ
കമ്മ്യൂണിസ്റ്റ് ആശയങ്ങളോട്
അനുഭാവമുള്ളവരായിരുന്നു എന്നത്
ഏറെ കൗതുകമാണ്. (ന്യൂനപക്ഷം
മാത്രമാവും ഭിന്നമായി നിൽക്കുന്ന
ത്) അക്ഷരങ്ങളുടെയും അറിവിന്റെ
യും അഗ്നി ഒന്നാണെന്നു തിരിച്ചറി
ഞ്ഞ അവർ സ്വന്തം ആശയങ്ങളാ
ജനമനസ്സുകളി ഇടം നേടുന്നതിൽ
വിജയിച്ചു.അശരണർക്കും ആലം
ബഹീനർക്കുമായി ഇരിപ്പിടമൊരു
ക്കുവാൻ അവർ കാട്ടിയ വ്യഗ്രത
സമൂഹം രണ്ടുകയ്യും നീട്ടി സ്വീകരി
ച്ചു. സമൂഹത്തെ ഗ്രസിച്ച മാലിന്യ
ങ്ങളെ ഇല്ലാതാക്കുവാൻ അക്ഷീണം
പ്രയത്നിച്ച അവർ കരുത്തിന്റെ പ്ര
തീകങ്ങളായി പോരാട്ടങ്ങൾ നയി
ച്ചത് മനുഷ്യസ്നേഹമെന്ന സമരാ
യുധം കൊണ്ടായിരുന്നു. വാളല്ലെൻ
സമരായുധം എന്നു പാടിയ വയലാർ
മനുഷ്യസ്നേഹഗായകൻ തന്നെയാ
യിരുന്നു. തന്റെ വിശ്വാസങ്ങളെ
കർമ്മപഥത്തിലൂടെ കൈപിടിച്ചു
നടത്തിയ വയലാർ ഗർജ്ജിച്ചതും
സമഭാവനയ്ക്കു വേണ്ടിയായിരുന്നു.
സാമൂഹികവും രാഷ്ട്രീയവും വിപ്ല
വാത്മകവുമായ ഉടച്ചുവാർക്കലുകൾ
ആ കാലഘട്ടത്തിലെ കൃതികളിലെ
ല്ലാം കാണുന്നു.

കലയും സാഹിത്യവും നമ്മുടെ സം
സ്കാരവാഹകരാണ്. സംസ്കാരം
എന്നാൽ സംസ്കരിക്കുന്നത്, ശു
ദ്ധീകരിക്കുന്നത് എന്നൊക്കെയാണ്
അർത്ഥം. മനുഷ്യജീവിതങ്ങളെ ശു
ദ്ധീകരിക്കുവാൻ കലയ്ക്കും സാഹിത്യ
ത്തിനുമുള്ള പങ്ക് എടുത്തു പറയേ
ണ്ടതാണ്. ഈ രണ്ടു മേഖലകളിലും
പ്രതിഭകളായി നിലകൊണ്ടിട്ടുള്ളവ
രെല്ലാം തന്നെ കമ്മ്യൂണിസ്റ്റ് ആശ
യങ്ങളുമായി ഏറെ പ്രതിപത്തിയു
ള്ളവരായിരുന്നു എന്നു കാണാം.
ആത്യന്തികമായി ഏതു കലയും മനു
ഷ്യസാഹോദര്യത്തിലും സഹജീ
വിസ്നേഹത്തിലും നിലകൊള്ളുന്നു.
മാനവികതയില്ലാത്ത ബൗദ്ധികത
യും സർഗ്ഗാത്മകതയില്ലാത്ത ക്രിയാ
ത്മകതയും കൊണ്ട് സമൂഹത്തിൽ
മനുഷ്യൻ അസ്വതന്ത്രനാകുന്നു.
ഇവിടെയാണ് മാനവികതയുടെ
മുഖമുദ്രകൾ നിറച്ചുകൊണ്ട് സാഹി
ത്യസൃഷ്ടി രചിച്ചിട്ടുള്ള മഹത്വ്യ
ക്തികളെ നാം തിരിച്ചറിയുന്നത്.
കമ്മ്യൂണിസത്തിലെ സാംസ്കാരി
കാന്തരീക്ഷം വായിക്കപ്പെടേണ്ടതും
അവിടെയാണ്.


**ലിജോ സെബാസ്റ്റ്യൻ**
**ബസേലിയോസ് കോളേജ്, കോട്ടയം**


# ഭീകരതക്ക് എതിരെയുള്ള യുദ്ധവും പാശ്ചാത്യ ലിബറലിസത്തിന്റെ പൊള്ളത്തരവും

ഇരുപതാണ്ടത്തെ ഭീകരതയ്ക്കെതിരെയുള്ള ആഗോള പോരാട്ടത്തിന്റെ തെക്കനേഷ്യൻ - മധ്യേഷ്യൻ സ്റ്റേജിലെ കളി കഴിഞ്ഞു കർട്ടൻ താഴ്ത്തി. നമ്മോടൊപ്പം ഇല്ലാത്തവർ ഒക്കെയും നമ്മുടെ ശത്രുക്കൾ എന്ന ഗോത്രീയ ചിന്തയെ യുക്തിയാക്കി ശത്രുവിനെയും കൂട്ടാളിയെയും ബൈനറികളാക്കി ലോകത്തെ മുഴുവനും പക്ഷം ചേരാൻ നിർബന്ധിച്ച് യുദ്ധത്തിലേക്ക് തള്ളിയിറക്കിയ ആഗ്ലോ-അമേരിക്കൻ തന്ത്രത്തിന്റെ ദുരന്തപൂർവകമായ അവസാനമായിരുന്നു ഇപ്പോൾ അവസാനിപ്പിച്ച അഫ്ഗാൻ യുദ്ധം. തങ്ങളെയും, അഫ്ഗാനിസ്ഥാനെയും, ലോകത്തെ തന്നെയും ജനാധിപത്യത്തെയും രക്ഷിക്കാൻ നടത്തുന്ന പോരാട്ടമാണിത് എന്നാണ് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജോർജ് ഡബ്യൂ ബുഷ് പറഞ്ഞത്. അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടത്തെയും ഇസ്ലാമിസ്റ്റ് തീവ്രവാദികളെയും ആക്രമിക്കാനുള്ള അമേരിക്കൻ ന്യായങ്ങൾക്ക് വേഗത്തിൽ പിന്തുണ കിട്ടുകയും ചെയ്തു. ബാമിയാനിലെ ബൗദ്ധ പ്രതിമയുടെ തകർക്കൽ, സ്ത്രീകളോടുള്ള നിന്ദ്യമായ പെരുമാറ്റം, സ്വതന്ത്ര ചിന്തയുടെ നിരാസം, അപകടകരമായ മതാത്മകത, ആധുനിക മൂല്യങ്ങളോടുള്ള ശത്രുത തുടങ്ങി താലിബാൻ അനുഷ്ഠിച്ചു പോന്ന പതിവുകളോട് എതിർപ്പ് തോന്നിയ മനുഷ്യർ ഒട്ടാകെ താലിബാനെതിരെയുള്ള യുദ്ധത്തെ പിന്തുണക്കുകയും അതിന്റെ ഫലത്തെ ആകാംഷയോടെയും ഹമീദ് കർസായിയുടെ വടക്കൻ സഖ്യത്തിന്റെ മുന്നേറ്റത്തെ ആശ്വാസത്തോടെയും നോക്കുകയും ചെയ്തു. അഫ്ഗാൻ ജനതയുടെ ആസന്നമായ ലിബറൽ ജനാധിപത്യത്തിലേക്കുള്ള നടന്നടുക്കലിനെ കൊളോണിയൽ സാംസ്കാരിക ദൗത്യത്തിന് ശേഷം പടിഞ്ഞാറ് നിർവഹിച്ച മഹത്തായ സാംസ്കാരിക ഇടപെടലായി എണ്ണുകയും ചെയ്തു. അത്ഭുതപ്പെടുത്തുന്ന സംഗതി എന്തെന്ന് വെച്ചാൽ, അമേരിക്ക - താലിബാൻ ബന്ധത്തിന്റെ പൊക്കിൾകൊടി ബന്ധത്തിന്റെ ചരിത്രപരത പെട്ടന്ന് റദ്ദാവുകയും, താലിബാൻ പെട്ടന്ന് സാംസ്കാരിക ലോകത്തിന് ഭീഷണിയും അമേരിക്ക രക്ഷകനും ആയി പെട്ടന്ന് തന്നെ ലോകമെങ്ങും. അപ്പുറം പടിഞ്ഞാറൻ ലിബറലിസം പൊതുവിൽ ആഗോള രാഷ്ട്രീയത്തിൽ നടത്തുന്ന ഇടപെടലിനെ, വിശിഷ്യ അഫ്ഗാനിസ്ഥാനിൽ അവർ ചെയ്തത് എന്തെന്ന് പറയുന്നതിന് മുമ്പ് അഫ്ഗാൻ ആക്രമണത്തിന് സുമാർ രണ്ട് കൊല്ലത്തിന് ശേഷം മധ്യേഷ്യയിൽ നടത്തിയ മറ്റൊരു ഇടപെടൽ കൂടി സൂചിപ്പിക്കണം.

രണ്ടായിരത്തിമൂന്ന് ഡിസംബർ പതിനാലിന് ഇറാഖിനെ ആക്രമിച്ച അമേരിക്കൻ നിയന്ത്രിത അധിനിവേശ സഖ്യം അന്നാട്ടിലെ

ഭരണാധികാരി സദ്ദാം ഹുസൈനെ 'പിടിച്ച്' എന്ന വാർത്ത പുറത്തുവിട്ടു. അറ്റ്ലാൻറിക് കടലിന് അപ്പുറവും ഇപ്പുറവും നിന്ന് പടിഞ്ഞാറൻ കോയ്മയുടെ പ്രക്ഷേപണ നാവുകളായ ബിബിസിയും സിഎൻഎന്നും മണിക്കൂറുകളോളം സ്ക്രീനിന്റെ ഒരു ഭാഗത്ത് സദ്ദാമിന്റെ വായ തുറന്നുള്ള പരിശോധനയുടെ വീഡിയോയും മറുഭാഗത്ത് സെപ്റ്റംബർ പതിനൊന്നിന്റെ ആക്രമണത്തിൽ തകരുന്ന പെന്റഗൺ - ലോകവാണിജ്യ സംഘടന ഇരട്ട ടവറുകളുടെ വീഡിയോയും കാണിച്ചുകൊണ്ടേയിരുന്നു. വാസ്തവത്തിൽ അൽ ക്വൈദ രണ്ടായിരത്തിഒന്നിൽ അമേരിക്കയിൽ നടത്തിയ വിമാനമിടിപ്പിക്കൽ ആക്രമണത്തിൽ സദ്ദാമിന് ഒരുപങ്കും ഉള്ളതായി തെളിയിക്കപ്പെട്ടിരുന്നില്ല. സദ്ദാമിന്റെ അറബ് ദേശീയതയെക്കാളും തീവ്ര മതാത്മക നിലപാടുള്ള, അമേരിക്കൻ സഹായം ആവോളം ലഭിക്കുന്നതും സദ്ദാമിന്റെ മുഖ്യ എതിരാളിയുമായിരുന്ന സൗദിയുടെ പിന്തുണയുള്ള സലഫി - വഹാബി സത്തോടാണ്  അൽ ക്വൈദക്ക് ഏറെ അടുപ്പം. എന്നിട്ടും സദ്ദാമിനെ പിടികൂടിയപ്പോൾ എന്തിനായിരിക്കണം സെപ്റ്റംബർ പതിനൊന്ന് ആക്രമണത്തിൻ്റെ വീഡിയോ സ്ക്രീനിൽ സമാന്തരമായി പ്രക്ഷേപണം ചെയ്തത്. പൊതുവിൽ ലിബറൽ എന്ന് വിളിക്കുന്ന പടിഞ്ഞാറൻ മനസ്ഥിതിയുടെ ഭാഗമായി ഇത്തരം ഒരന്വേഷണം നടത്തിയിട്ട് കാര്യം ഉണ്ടെന്ന് തോന്നുന്നില്ല. കാരണം, ഒട്ടുമേ ആശാസ്യമല്ലാത്ത സമീകരണത്തിലൂടെ  സകല 'ഇടത്-വലത്' ഭീകരതകളുടെയും മുഖ്യ എതിരാളികൾ തങ്ങൾ ആണെന്ന് നാഴികക്ക് നാല്പതുവട്ടം ജപിക്കുന്ന ലിബറൽ രാഷ്ട്രീയ ചിന്തക്കും അതിന്റെ ഉച്ചഭാഷണികൾക്കും ഒന്നുകിൽ തങ്ങൾ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയത്തിന്റെ അടിസ്ഥാനപരമായ പ്രതിലോമ സ്വഭാവം മനസിലായിട്ടില്ല, അല്ലെങ്കിൽ പുറമെ ഉദാരത പറയുമ്പോഴും ഉള്ളിൽ തീവ്രവലത് പക്ഷം പുളിച്ചു തികട്ടുകയാണ്. സുരക്ഷിത സ്ഥാനമെന്ന ഖ്യാതിയിൽ പണിതുയർത്തിയ കോട്ട കൊത്തളങ്ങൾ തകിടം





മറിഞ്ഞ, പരാജയത്തിന്റെ കയ്പു നീർ കുടുപ്പിച്ചുമാത്രം പരിചയമുള്ള, വിജഗിഷുവായ പാശ്ചാത്യ അധി കാരക്കോയ്മക്കേറ്റ ഏറ്റവും ദുരന്ത പര്യവസാനിയായ നാണക്കേടിൽ നിന്നും പടിഞ്ഞാറൻ സംസ്കാരം ഉയർത്തെഴുന്നേറ്റത്തിന്റെ പൊയ്മുഖ പ്രതീകമായിരുന്ന സദ്ദാമിന്റെ പിടി കൂടൽ. തങ്ങൾ തന്നെ പ്രതിഷ്ഠിച്ചുറ പ്പിച്ച ധാരണയായ ലോകത്തിന്റെ ശത്രുവായ അറബ് - ഇസ്ലാമിക സാംസ്കാരിക - രാഷ്ട്രീയ വെല്ലുവി ളികളെ മുഴുവനും തച്ചുതകർത്ത് വീണ്ടും പ്രഭാവം തിരിച്ചെടുത്തെന്ന പ്രതീതി പൗരന്മാർക്കിടയിലും ആഗോളതലത്തിലും തോന്നിപ്പി ക്കാൻ കാണിച്ച കുട്ടിയ സൈനിക - വ്യവസായിക യുദ്ധ യന്ത്രത്തിന്റെ തന്ത്രം. ലോകയുദ്ധാനന്തരം കൊട്ടി ഘോഷിച്ച പാശ്ചാത്യ ഉദാര മാതൃക കളുടെ അമ്പേയുള്ള പരാജയമാണ് കഴിഞ്ഞ ദശകങ്ങളുടെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക മേഖലക ളുടെ കണക്ക് പുസ്തകത്തിൽ അടി വരയിടാൻ തക്കവണ്ണം തെളിഞ്ഞു കാണുന്നത്.

ലിബറൽ രാഷ്ട്രീയം അതിൽ പങ്കെടു ക്കുന്ന മുഴുവൻ കക്ഷികളെയും മെരു ക്കി അതിന്റെ നിഷ്പക്ഷതയിലേക്ക് ഉൾച്ചേർക്കും എന്നാണ് പൊതുവിൽ ഉയർന്നു കേട്ടിരുന്ന, നിലവിൽ കേൾക്കുന്ന വാദം. എന്നാൽ ഇന്ത്യ മുതൽ അമേരിക്കൻ ഐക്യനാടു കൾ വരെയും ഹോങ്കോങ് മുതൽ ഫ്രാൻസ് വരെയും ലിബറൽ ജനാ ധിപത്യക്രമം അതിന്റെ സെന്ററിസ്റ്റ് സ്വഭാവത്തിൽ നിന്ന് കൂടുതൽ വല തുപക്ഷത്തേക്ക് നീങ്ങുന്നു, ഒരുവേള രാഷ്ട്രീയ വ്യവഹാരങ്ങളുടെ കേന്ദ്രം തന്നെ വലത്തോട്ട് മാറുന്നുവെന്ന അറിവ് അനുഭവമാണ് ലോക സാഹചര്യം വ്യക്തമാക്കുന്നത്. വെ ള്ളക്കാരുടെ മേധാവിത്വത്തിനായി നിരന്തരം സാമൂഹിക-സാംസ്കാരിക മേഖലയിൽ ഇടപെടിയിരുന്ന കു ക്ലക്സ് ക്ലാനുകൾ എത്രയോ കാല മായി അമേരിക്കൻ സമൂഹത്തിൽ പരന്നതും ആഴമേറിയതുമായ സ്വാധീനം ചെലുത്തുന്നു. ഐക്യനാ ടുകളിലെ ആഫ്രിക്കൻ വംശജരും, ലാറ്റിൻ അമേരിക്കൻ കുടിയേറ്റക്കാ രും നിരന്തരമായി അപമാനവീ കരിക്കപ്പെടുകയാണ്. തൊഴിൽ, താമസം, സ്വത്ത് ഉടമസ്ഥത തുട ങ്ങി വാക്സിൻ ലഭ്യതയിൽ വരെ ഈ കറുപ്പ് കുടിയേറ്റ - വെളുത്ത അമേരിക്കൻ ദ്വന്ദം കണ്ടെത്തുവാൻ സാധിക്കും. അമേരിക്കൻ ഐക്യ നാടുകൾ വെള്ളവും വളവും ഇട്ടു വളർത്തിയ ആഗോള ശത്രു ബിംബ ത്തിലൂടെ പടിഞ്ഞാറൻ സംസ്കാര ത്തിന്റെ ശത്രുവായി മാറിയ അറബ് - ഇസ്ലാമിക് സമൂഹത്തിലാണ് മറ്റൊരു ലിബറൽ സ്വർഗ്ഗമായ യൂ റോപ്പ് ശത്രുവിനെ കണ്ടെത്തിയത്. നവ നാത്സി കൂട്ടങ്ങൾ ചിതറിയ സാ മൂഹങ്ങൾ എന്ന നിലയിൽ നിന്നും സംഘടിത ശക്തിയായും, മധ്യ യൂറോപ്പിന്റെ രാഷ്ട്രീയത്തെ നിർണ യിക്കുന്ന മുഖ്യ പൊളിറ്റിക്കൽ ഏജ ന്റ് ആയി മാറുകയും ചെയ്തിട്ടുണ്ട്. ഹങ്കറിയിലെ വിക്ടർ ഓർബന് കൂടു തൽ കൂട്ടാളികൾ മറ്റ് രാജ്യങ്ങളിൽ ഉണ്ടാവുന്നതും, എല്ലാ ആധുനിക ലിബറൽ മൂല്യങ്ങളുടെയും അമ്മയാ യി കരുതിയ ഫ്രാൻസിൽ മേരി ലീ പെനെപോലെ തീവ്ര വലത് പക്ഷ നേതാവിന് അംഗീകാരം ലഭിക്കുന്നതും പഴയ തരം ജനാധി പത്യത്തിലേക്ക് ആവില്ല യൂറോപ്പ് പോവുന്നത് എന്നുള്ളതിന്റെ കൃത്യ മായ സൂചനയാണ്.

കമ്പോളം പയറ്റുന്ന അടവുകളിൽ ഒന്ന് മാത്രമാണ് ലിബറൽ ക്രമത്തി നെ അട്ടിമറിച്ച് യാഥാസ്ഥിതിക

പക്ഷത്തോട് അടുക്കുക എന്നത്.
തൊള്ളായിരത്തി അൻപതുകളിൽ
ഉയർന്നുവന്ന ക്ഷേമരാഷ്ട്ര സങ്കല്പ
ത്തിൽ കമ്പോള വിഭവ ഉപയോഗ,
ചൂഷണ സാധ്യതകളിൽ ഉണ്ടായി
രുന്ന സാമൂഹിക നിയന്ത്രണങ്ങളെ
യും പിടുത്തങ്ങളെയും അയക്കുക
എന്നതായിരുന്നു മൂലധനത്തിന്റെ
ഉടൻ ആവശ്യം. എഴുപതുകളിലെ
എണ്ണ പ്രതിസന്ധിയെ ഉപയോഗി
ച്ചുകൊണ്ട് ക്ലാസിക്കൽ ചിന്തയുടെ
സ്വതന്ത്ര സമ്പദ്ഘടന എന്ന ഗി
മ്മിക്ക് അവതരിപ്പിക്കാൻ മൂലധന
ശക്തികൾക്ക് സാധിച്ചു. കൂടുതൽ
സ്വതന്ത്രമെന്ന മുദ്രാവാക്യത്തോ
ടെ പ്രത്യക്ഷപ്പെട്ട നവ ലിബറൽ
വാദം വാസ്തവത്തിൽ സമൂഹത്തെ
കൂടുതൽ വലതുപക്ഷ ഇടുങ്ങിക്കത്തി
ലേക്കാണ് നയിച്ചത്. സംഘടിത
പ്രസ്ഥാനങ്ങൾ, കമ്മ്യൂണിസ്റ്റ്
പാർട്ടി, ട്രേഡ് യൂണിയനിസം, പൊ
തുമേഖലാ, സാമൂഹിക സുരക്ഷാ
പരിപാടികൾ എന്നിവയെല്ലാം
വ്യക്തിയുടെ സ്വാതന്ത്ര്യം, ശേഷി
എന്നിവയെ കുരുതി കൊടുക്കുന്ന
സങ്കേതങ്ങളാണെന്ന മൂലധന വാ
ദത്തെ പടിഞ്ഞാറൻ മാധ്യമങ്ങൾ,
സർവകലാശാലകൾ, സാഹിത്യം
എന്നിവയെല്ലാം ഉപയോഗിച്ച് പ്രച
രിപ്പിക്കാനുമായി. സാംസ്കാരിക
മേഖലയിൽ ഈ രാഷ്ട്രീയ നീക്ക
ത്തിന് നിലമൊരുക്കാൻ വ്യക്തി
സ്വതന്ത്രത്തെയും, വാചോടാപത്തെ
യും മുൻ നിർത്തി ഉത്തരാധുനികത
എന്ന സമീപനത്തിനും രൂപം
നൽകി. സർവ മേഖലയിലും നിയോ
മാർക്സിയൻ – മാർക്സിയൻ സൈദ്ധാ
ന്തിക പദാവലികൾ ഉപയോഗിച്ച്
കൺകെട്ട് വിദ്യ നടത്തി സംഘ
ടിത രൂപങ്ങളെക്കാളും അയഞ്ഞ
സിവിൽ സമൂഹത്തെ മാറ്റത്തിനുള്ള
ചാലക ശക്തിയായി കാണണം
എന്നുമുള്ള ധാരണ മൂന്നാം ലോകരാ
ജ്യങ്ങളിലേക്ക് അടക്കം പകരാൻ
ഈ സാംസ്കാരിക ഇടപെടൽ
കൊണ്ട് സാധിച്ചു.

എണ്ണ വിലയിൽ ഉണ്ടാവുന്ന മാറ്റം
കമ്പോളത്തിനെ കാര്യമായി ബാധി
ക്കുന്നുവെന്ന ഘട്ടം എത്തിയപ്പോൾ
എണ്ണ ഉത്പാദക പ്രദേശങ്ങളിൽ
മൂലധന താല്പര്യത്തിന് അനു
യോജ്യമായ രാഷ്ട്രീയ ഇടപെടൽ
നടത്തേണ്ടത് അത്യാവശ്യമായി
വന്നു. അതോടൊപ്പം മുഖ്യ എണ്ണ
ഉത്പാദക മധ്യേ – പൂർവേഷ്യൻ
രാജ്യങ്ങൾ സാമ്പത്തികമായി
ദേശിയതയിൽ ഊന്നിയ രാഷ്ട്രീയ
ത്തിലേക്ക് നീങ്ങുന്നതും, പടിഞ്ഞാ
റൻ ശാക്തിക ചേരിയിൽ നിന്ന്
മാറി നിൽക്കുന്നതും മൂലധനത്തെ
സംബന്ധിച്ചിടത്തോളം ശുഭ സൂചന
ആയിരുന്നില്ല. ലിബിയ, ഈജിപ്ത്,
സിറിയ, ഇറാൻ ഒക്കെയും തങ്ങളു
ടെ വിരുദ്ധപക്ഷത്ത് നിലയുറപ്പി
ക്കുന്നത് ആംഗ്ലോ – അമേരിക്കൻ
വ്യവസ്ഥക്ക് പ്രത്യക്ഷമായി തന്നെ
രാഷ്ട്രീയ തിരിച്ചടി ആയിരുന്നു.
ഉയർന്നുവരുന്ന അറബ് ദേശിയ നീ
ക്കങ്ങളെ മുളയിലെ നുള്ളുക എന്ന
തന്ത്രത്തിൽ കേണൽ നാസറിനെ
പുറത്താക്കുന്നതിൽ ജയിച്ചെങ്കിലും
ഭൂമിശാസ്ത്രപരമായും രാഷ്ട്രീയപരമാ
യും മധ്യേഷ്യ സോവിയറ്റ് അനുകൂല
രാഷ്ട്രീയത്തിലേക്ക് മറിയാലോ
എന്ന ഭീഷണി വലുതായി ഉടരു
കയുണ്ടായി. ഇതേ തുടർന്നാണ്
സൗദി അറേബ്യ കേന്ദ്രീകരിച്ച്
പ്രവർത്തിക്കുന്ന തീവ്ര സലഫി –
വഹാബി പ്രസ്ഥാനങ്ങളെ ആഗോള
രാഷ്ട്രീയത്തിൽ സോവിയറ്റ്, അറബ്
ദേശിയത സ്വാധീനങ്ങളെ ചെറു
ക്കാൻ പാശ്ചാത്യ രാഷ്ട്രതന്ത്രജ്ഞൻ
ശ്രമിക്കുന്നത്. പരാജയപ്പെട്ട
വിയറ്റ്നാം യുദ്ധത്തിനും, ക്യൂബൻ
മിസൈൽ പ്രതിസന്ധിക്കും
ശേഷം ഈ മേഖലയിലേക്ക്
കാര്യമായി തന്നെ അമേരിക്കൻ
ഐക്യ നാടുകൾ ഇടപെടുന്നുണ്ട്.
ഇപ്പോൾ പശ്ചാത്യലോകം തീവ്ര
വാദ പ്രസ്ഥാനങ്ങളായി കാണുന്ന
ഈജിപ്തിലെ മുസ്ലീം ബ്രദർഹുഡ്,
അതിന്റെ പലസ്തീനിയൻ രൂപം
ഹമാസ് എന്നിവയെ കാരുണ്യ
പ്രവർത്തക സംഘടനകളായി
കണ്ട് ധന സഹായം നൽകാൻ
ഒരു മടിയും പാശ്ചാത്യ ലിബറൽ
രാഷ്ട്രീയത്തിന് ഉണ്ടായില്ല. സമാന
മായി മതാത്മകത മുഖമുദ്രയാക്കിയ
സൗദി കേന്ദ്രീകരിച്ച് പ്രവർത്തിച്ച
സുന്നി തീവ്ര ഗ്രൂപ്പുകളെ ഷിയാ
പൗരോഹിത്യം ഭരണാധികാരം
പിടിച്ചെടുത്ത ഇറാന് നേരെയും,
ഇറാഖിന് എതിരെയും, സോവിയറ്റ്
അനുകൂല, ഇടതുപക്ഷ ഭരണകൂടം
ഉണ്ടായിരുന്ന അഫ്ഗാനിസ്ഥാ
ന് നേരെയും ഉപയോഗിക്കാൻ
ഇതേ തീവ്രവാദത്തിന് എതിരെ
മൂന്ന് പതിറ്റാണ്ടിന് ശേഷം യുദ്ധം
ചെയ്തു യൂറോ – അമേരിക്കൻ ഉദാര
ജനാധിപത്യ ബോധത്തിന് മടി
ഉണ്ടായില്ല. പ്രാദേശിക രാഷ്ട്രീയ
ശക്തികളായി ഈജിപ്ത്, ഇറാൻ,
ഇറാഖ് എന്നിവ വിവിധ കാലയള
വിൽ ഉയർന്ന് വരുന്നത്, പ്രത്യേ
കിച്ചും എണ്ണയുടെ മേൽ അതത്
നാടുകൾ രാഷ്ട്രീയാധികാരം സ്വദേ
ശിവൽക്കരണത്തിന്റെ രൂപത്തിൽ
പ്രയോഗിച്ചത് മുന്നേ പറഞ്ഞ യൂറോ
– അമേരിക്കൻ ശാക്തിക ചേരിയുടെ
താല്പര്യങ്ങൾക്ക് അനുകൂലമല്ലാത്ത
ത് കൊണ്ടുതന്നെ അവയെ അട്ടിമറി
ക്കേണ്ടതായി വന്നു. ലോകമെങ്ങും
ലിബറൽ ജനാധിപത്യത്തിന്റെ
കാവലാളായി സ്വയം പ്രതിഷ്ഠിക്കു
മ്പോഴും തങ്ങൾക്ക് വിധേയപ്പെ
ടാത്ത മുഴുവൻ ദേശ രാഷ്ട്രങ്ങളിലും
ഇടപെട്ട് ഭരണകൂടങ്ങളെ അട്ടിമ
റിക്കും പോഴും ജനാധിപത്യത്തെ
സംരക്ഷിക്കാൻ ആണ് ഇത് ചെയ്യു
ന്നത് എന്ന് പറഞ്ഞുഫലിപ്പിക്കാൻ
ഹോളിവുഡ് സിനിമ, വീഡിയോ
ഗെയിം, സംഗീതം, സാഹിത്യം,
കായികം അടക്കം ലോകം മുഴുവൻ
എത്തുന്ന സകല വിധ സാംസ്കാ
രിക സാങ്കേതങ്ങളെ കൃത്യമായി
ഉപയോഗിക്കുകയും ചെയ്തു.

അഫ്ഗാനിസ്ഥാനിൽ അമേരിക്ക
നടത്തുന്ന ആദ്യകാല ഇടപെടൽ
ശീതയുദ്ധകാലത്തെ അവരുടെ
നയതന്ത്ര നയത്തിന്റെ ഭാഗമായി
തന്നെയാണ്. കമ്യൂണിസത്തെ തട
യുക എന്ന ബൃഹത് പദ്ധതിയുടെ
മധ്യേഷ്യൻ എപ്പിസോഡാണ് എഴു
പതുകളിൽ അഫ്ഗാനിൽ നടക്കു
ന്നത്. ആഗോള തെക്കൻ പ്രദേശ
ങ്ങളിൽ ഒരുപക്ഷെ ഏറ്റവുമാദ്യം യൂ
റോപ്യൻ സാമ്രാജ്യത്വത്തിൽ നിന്ന്
സ്വാതന്ത്രം നേടിയ രാജ്യമാകും
അഫ്ഗാനിസ്ഥാൻ. 1917ലെ റഷ്യൻ
വിപ്ലവത്തിന് സുമാർ രണ്ട് വർഷ
ങ്ങൾക്ക് ശേഷം ബ്രിട്ടന്റെ കോളനി
വാഴ്ചയിൽ നിന്ന് അഫ്ഗാൻ സ്വാ
തന്ത്രം നേടുകയുണ്ടായി. ബ്രിട്ടീഷ്
വിരുദ്ധ ഇന്ത്യൻ സ്വാതന്ത്ര്യ സമര
ത്തിന്റെ പദ്ധതികൾ ആസൂത്രണം
ചെയ്യാൻ വിപ്ലവകാരികൾക്ക് അഭ
യമായ ഇടമായിരുന്നു അഫ്ഗാനി

സ്ഥാൻ, ഒരുവേള ഇന്ത്യക്ക് വേണ്ടി ഒരു പ്രവാസി സർക്കാരിനെ വരെ അഫ്ഗാനിൽ സ്ഥാപിക്കുന്നുണ്ട്.

എഴുപതുകളുടെ ഒടുക്കം നടക്കുന്ന സോർ വിപ്ലവാനന്തരം അഫ്ഗാനിസ്ഥാൻ ഇടതുപക്ഷ ഭരണത്തിന് കീഴിൽ ആവുന്നുണ്ട്. അഫ്ഗാനിസ്ഥാൻ ഒരു മതേതര ജനാധിപത്യ റിപ്പബ്ലിക് ആവുകയും, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനായിരുന്ന നൂർ മുഹമ്മദ് തരാക്കി 1978ൽ ആദ്യ പ്രസിഡന്റ് ആവുകയും ചെയ്തു. അന്നുമുതൽ മുതൽ 1992 വരെ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയം പിന്തുടരുന്ന ഭരണക്രമങ്ങൾ അഫ്ഗാൻ ഭരിച്ചു. ഏതൊരു സോഷ്യലിസ്റ്റ് സമൂഹങ്ങളിലേയും പോലെ പുരോഗമന പക്ഷത്ത് നിന്നു കൊണ്ടുള്ള വൻ പരിഷ്കാരങ്ങൾക്ക് ആ സർക്കാരുകളും തുടക്കം കുറിക്കുന്നുണ്ട്. സോവിയറ്റ് യൂണിയൻ ഉണ്ടായ കാലം മുതൽ അഫ്ഗാനുമായി ഉണ്ടായിരുന്ന അടുത്ത വ്യാപാര ബന്ധം ഈ കാലയളവിൽ പുരോഗതി പ്രാപിക്കുന്നുണ്ട്. മുഴുവൻ ജനങ്ങൾക്കും സൗജന്യ ആരോഗ്യ സംരക്ഷണം, എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ വിദ്യാഭ്യാസം, ആയിരത്തോളം സ്കൂളുകൾ പുതിയതായി നിർമ്മിച്ചു, തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുകയും സ്ത്രീപുരുഷ തുല്യത മുഴുവൻ മേഖലകളിലേക്കും കൊണ്ടുവരാനുള്ള നയങ്ങൾ കൈക്കൊള്ളുകയും ചെയ്തു,ശൈശവ വിവാഹ നിരോധനം, അഫ്ഗാൻ ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾക്ക് സർക്കാർജോലി തുടങ്ങി ഗോത്രീയതയിൽ ഊന്നിയ സാമൂഹിക രൂപികരണമുണ്ടായിരുന്ന ഒരു സമൂഹത്തെ ആധുനിക ലോകത്തേക്ക് സാമൂഹിക നീതി അധിഷ്ഠിതമാക്കി പരിവർത്തനം നടത്താൻ വിജയകരമായ നടപടികൾ ഉണ്ടാവുന്നുണ്ട്.

അമേരിക്കൻ പ്രസിഡന്റ് ഐസൻഹോവറുടെ ശീതയുദ്ധ കാലത്തെ അഭിപ്രായമായ ഡൊമിനോ സിദ്ധാന്തം, അഥവാ ഒരു രാഷ്ട്രം കമ്യൂണിസ്റ്റ് രാഷ്ട്രീയത്തിൽ എത്തിയാൽ അതിനടുത്ത രാഷ്ട്രത്തിലേക്ക് ആ രാഷ്ട്രീയ ക്രമം വേഗത്തിൽ പടരും എന്നതിന്റെ സൂചനയും ഭീഷണിയുമായി സോവിയറ്റ് യൂണിയന്റെ അടുത്തുള്ള അഫ്ഗാൻ ഭരണകൂടത്തെ അമേരിക്ക നോക്കിക്കാണാൻ ആരംഭിച്ചു. അഫ്ഘാനിസ്ഥാനിലെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെ അസ്ഥിരപ്പെടുത്താനുള്ള മുജാഹിദ് തീവ്രവാദികളുടെ ശ്രമത്തെ നേരിടാൻ ആർമിയെ അയച്ച സോവിയറ്റ് യൂണിയനെതിരെ അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടർ 1980ൽ നടത്തിയ പ്രസംഗത്തിലെ ഒരു വാചകം ശ്രദ്ധേയമാണ്; "ഒരു സ്വതന്ത്ര ഇസ്ലാമിക ജനതയെ കീഴ്പ്പെടുത്താനുള്ള കമ്യൂണിസ്റ്റ് നിരീശ്വരവാദ ഗവൺമെന്റിന്റെ മനപൂർവമായ ശ്രമമാണിത്." സോവിയറ്റ് സേനയ്ക്കെതിരെ അമേരിക്കൻ പിന്തുണയോടെ എൺപതുകളിൽ ഉയർന്നുവന്ന പഷ്തൂൺ സേനയാണ് തുടക്കത്തിൽ താലിബാൻ. കടുത്ത മതമൗലികത അടിസ്ഥാനമാക്കിയുള്ള, അതിനോടൊപ്പം അമേരിക്ക വളർത്തിയ മുജാഹിദ്ദീനുകളും ചേർന്നു. താലിബാന് ആയുധങ്ങളും,പണവും,കറുപ്പും, എന്തിന് സ്ത്രീകളെയടക്കം നൽകി വലുതാക്കി അഫ്ഗാൻ സർക്കാരിനും സോവിയറ്റുകൾക്കുമെതിരെ യുദ്ധം ചെയ്യിച്ച അമേരിക്കൻ മുതലാളിത്തം താലിബാൻ ഭീകരരെ പോരാളികളായി കണ്ട് ഹോളിവുഡ് സിനിമകൾ വരെയിറക്കി.റാംബോ III എന്ന ഹോളിവുഡ് സിനിമയുടെ ഒടുവിൽ സിനിമ അഭിവാദ്യമർപ്പിക്കുന്നത് താലിബാൻ തീവ്രവാദികൾക്കാണ്. ആളും അർഥവും നൽകി അവസാന കമ്യൂണിസ്റ്റ് പ്രസിഡന്റ് ഡോ. നജീബുള്ളയെ പരസ്യമായി തൂക്കിലേറ്റി താലിബാൻ അധികാര കൈമാറ്റം ചെയ്ത് പോയ ജനാധിപത്യത്തിന്റെ മൊത്ത കച്ചവടക്കാരായ അമേരിക്ക 1996 മുതൽ 2001 വരെ അഗ്ഫാൻ ജനതയെ ഇരുണ്ട കാലത്തിലേക്ക് താലിബാൻ കുരുതി കൊടുത്തു, ശേഷം കുരുതിയുടെ ഉത്തരവാദിത്തം പാശ്ചാത്യ ലിബറൽ സാംസ്ക്കാരിക യന്ത്രം നേരിട്ട് ഏറ്റെടുക്കുകയാണ് ഉണ്ടായത്. 2001ൽ ആരംഭിച്ച ആഗോള ഭീകരതക്ക് എതിരെയുള്ള യുദ്ധം അവസാനിക്കുന്നത് 2021ലാണ്. എന്താണ് യുദ്ധന്ത്യം എന്ന ചോദ്യത്തിന് ഉത്തരമായി ഒരിക്കൽ കൂടി അഫ്ഗാനിസ്ഥാനെ താലിബാന് ഏൽപ്പിച്ചു കൊടുത്തിട്ട് അമേരിക്ക പോയി എന്നതാവും. എന്നാൽ ഗുണപരമായി ചില പ്രശ്നങ്ങൾ ഉണ്ട്, അത് അവസ്ഥയെ കൂടുതൽ മോശ





മാക്കുന്നതാണ്. ഭരണ സാരഥ്യം താലിബാന് ഏൽപ്പിച്ചു കൊടുക്കുന്ന അമേരിക്ക അവരെ നിയമാനുസൃത ഭരണാധികാരികളായി അംഗീകരിക്കുക കൂടിയാണ് ചെയ്യുന്നത്. അന്താരാഷ്ട്ര രംഗത്ത് താലിബാന് ഒരു ഭീകര സംഘടനഎന്ന നിലയിൽ നിന്നും പരമാധികാര രാഷ്ട്രത്തിന്റെ അധികാരി എന്ന അംഗീകാരമാണ് 2020 ഫെബ്രുവരിയിൽ അമേരിക്കയിലെ ട്രംപ് സർക്കാർ അവരുമായി ദോഹയിൽ വച്ച് കരാറിലെത്തിയതിലൂടെ ഉണ്ടായത്.

ആധുനിക ലോകത്തിലെ ഏറ്റവും പ്രതിലോമകരവും പിന്നോട്ട് നടക്കുന്നവരുമായ ഭരണക്കാരാണ് അഫ്ഗാനിൽ ഉള്ളത്. ഗോത്രീയതക്ക് അപ്പുറം പോവാൻ കഴിയാത്ത പഷ്തൂണ് പുരുഷ ബോധമാണ് അവരെ നയിക്കുന്നത്. രാജ്യത്തിന് വെളിയിൽ ഉള്ള തീവ്രവാദ ഇടപെടലിൽ നിന്ന് പിൻവാങ്ങി രാജ്യത്തിന് ഉള്ളിൽ വികൃത നിയമങ്ങൾ നടപ്പാക്കുകയാകും താലിബാൻ ചെയ്യുക എന്നതാണ് നിലവിലെ സാധ്യത, അത് ഏത് നിമിഷവും ആഗോള തീവ്രവാദ പ്രസ്ഥാനത്തിന്റെ ഭാഗമായി പുറത്തേക്ക് നീങ്ങാവുന്ന ഭീകരതയുടെ രൂപമായും മാറിയേക്കാം.'ഇസ്ലാമിക് എമിറേറ്റ്സ് ഓഫ് അഫ്ഗാനിസ്ഥാൻ' എന്ന പേര് മാറ്റലിലൂടെ തൊണ്ണൂറുകളിൽ ഭരണം കയ്യാളിയ താലിബാന്റെ സ്വഭാവത്തിലേക്ക് തന്നെയാണ് പോകുന്നത് എന്നാണ് സൂചന. പൗര സമൂഹം എന്ന ലിബറലുകൾ കൊട്ടിഘോഷിച്ച സങ്കല്പത്തിന് താലിബാൻ നിയന്ത്രിത അഫ്ഗാനിൽ സ്ഥാനമില്ല. സ്ത്രീകൾ രണ്ടാം തരക്കാരും, ലൈംഗിക അടിമകളും ആവുന്ന നാടായി അത് മാറിയിരിക്കുന്നു. ഇസ്ലാമിലെ തന്നെ ന്യൂനപക്ഷമായ അഹ്മദി വിഭാഗവും, ഷിയാകളും കടുത്ത മത മർധനത്തെയാണ് നേരിടാൻ പോവുന്നത്. സർവകലാശാല വിദ്യാഭ്യാസവും, സംഗീതവും കലയും അടക്കം സകല ആസ്വാദന മേഖലകളും ഇരുളിലേക്ക് മറയുന്ന സ്ഥിതിവിശേഷമാണ്. അടുത്ത കാലത്തുണ്ടായ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹമാണ് താലിബാൻ കാബൂൾ പിടിച്ചെടുത്തിന് ശേഷം ഉണ്ടായിരിക്കുന്നത്. ആധുനിക ലോകത്തെ വർഗീയ ഗോത്രരാഷ്ട്രമായി അഫ്ഗാനിസ്ഥാനെ ഏതാണ്ട് വിഭാവനം ചെയ്ത താലിബാൻ രാഷ്ട്ര നയത്തെ പാശ്ചാത്യ രാജ്യങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ സമയം ആഫ്രോ-ഏഷ്യൻ-ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളെ അവയുടെ ജനാധിപത്യ കമ്മിയുടെ പേരിൽ വിമർശിച്ച് ഉപരോധം ഏർപ്പെടുത്തുന്ന ഈ ആംഗ്ലോ - അമേരിക്കൻ പാശ്ചാത്യ ചേരിക്ക് മത ഗോത്രീയ സ്വഭാവം കാണിക്കുന്ന തീവ്രവാദ പ്രസ്ഥാനങ്ങളുമായി കൈകോർക്കാൻ ഒരു മടിയും ഉണ്ടായിട്ടില്ല. മുജാഹിദുകളെ വൈറ്റ് ഹൗസിൽ വിളിച്ചു വിരുന്നു കൊടുത്തതിൽ ഇതുവരെയും അമേരിക്കൻ ഭരണകൂടം ഖേദം പ്രകടിപ്പിച്ചിട്ടില്ല. ഇറാഖിനെ ആക്രമിച്ച് അവിടെ ഇസ്‌ലാമിക് സ്റ്റേറ്റിനെ വളർത്തിയതിലും തെറ്റ് പറ്റിയത്തിന്റെ ചെറിയൊരു ലാഞ്ചന പോലും ഉണ്ടായിട്ടില്ല. മറിച്ച് ഇസ്ലാമിക് സ്റ്റേറ്റിനെതിരെ പോരാടുന്ന ബാഷർ അൽ അസദിന്റെ സിറിയൻ ഭരണകൂടത്തെ താഴെ ഇറക്കാനാണ് പാശ്ചാത്യ സഹായം ഉണ്ടായത്.

അമേരിക്കൻ രാഷ്ട്രീയം മറക്കാൻ ആഗ്രഹിക്കുന്ന യുദ്ധം ആയിരിക്കും അഫ്ഗാനിസ്ഥാനിൽ ഉണ്ടായത്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം കഴിയുമ്പോൾ ഒരു സർവധികാരിയായ സൈനിക ശക്തി എന്ന അവരുടെ ആഗോള നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്നതിലേക്ക് കാര്യങ്ങൾ വളരാൻ അഫ്ഗാൻ ഇടപെടൽ കാരണം ആയിട്ടുണ്ട്. ലോകം, വിശിഷ്യാ പാശ്ചാത്യ ലോകം കൂടുതൽ ഇടുങ്ങിയ സ്വഭാവത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുമ്പോഴും ലിബറൽ വായ്ത്താരിയായ ആഗോള സ്വാതന്ത്ര്യം എന്നതിന് ഒരു കുറവും വന്നിട്ടില്ല. ആഗോള മാധ്യമങ്ങളും സാംസ്കാരിക സങ്കേതങ്ങളും മൂലധനത്തിന്റെ കൈപ്പിടിയിൽ നിൽക്കുവോളം ഇതേ പൊള്ളത്തരം അഭംഗുരം തുടരുമെന്ന് തീർച്ച.

**ഡോ. ജോയിസുകുട്ടി ജോസഫ്**
**കെ. ഇ.കോളേജ്, മാന്നാനം**

# തണുത്ത മഞ്ഞും സൂര്യപ്രകാശവും: ടെറിബെർക്കയിലെ ഒരു ദിവസം

പ്രഭാതത്തെക്കുറിച്ച് എപ്പോൾ ആലോചിക്കുമ്പോഴും ടോംസിന്റെ ബോബനും മോളിയുമാണ് എന്റെ മനസിലെത്തുന്നത്. അതിരാവിലെ ഉണരുന്ന പക്ഷികൾക്കേ ശലഭങ്ങളെ കിട്ടൂ എന്ന് പറഞ്ഞ് അതിരാവിലെ ഉണരാൻ അപ്പൻ അവരെ ഉപദേശിക്കുമ്പോൾ 'അപ്പോൾ ആ ശലഭങ്ങളും അതിരാവിലെ ഉണരുന്നവരാവില്ലേ' എന്ന കിടിലൻ മറുപടി. ഈ ലോജിക്കിന്റെ ബലത്തിൽ കൂടിയാവാം ചെറിയ പ്രായത്തിൽ വളരെ താമസിച്ച് മാത്രമേ ഞാൻ എഴുന്നേൽക്കുമായിരുന്നുള്ളൂ.ബോബനും മോളീം പ്രായമൊക്കെ കഴിഞ്ഞപ്പോൾ മുതൽ താമസിച്ച് കിടന്നാലും അതിരാവിലെ ഉണരുന്ന ശീലം തുടങ്ങി.ഇരുട്ട് മാറി വെളിച്ചമാകുന്ന നിമിഷങ്ങൾ പുറത്തേക്ക് നോക്കിയിരിക്കൽ എനിക്കെന്നും ആഹ്ലാദകരമാണ്. മുർമാൻസ്ക് എന്റെ പതിവുകളെ തെറ്റിച്ചിരിക്കുന്നല്ലോ എന്ന വേവലാതിയോടെയാണ് ഞാൻ ഏഴരയ്ക്ക് ഉണർന്നത്. ജനൽ കർട്ടൻ മാറ്റി നോക്കുമ്പോൾ പുറത്തെ കാഴ്ചകൾ വ്യക്തമല്ല. ഇരുട്ട് മാറിയിട്ടില്ല. വീണ്ടും വാച്ച് നോക്കി. എനിക്ക് തെറ്റിയതല്ല. ഏഴേമുക്കാൽ. പുറത്തെ ഇടനാഴി കടന്ന് ബാൽക്കണിയിലെത്തി. വിസ്മയകരമായ കാഴ്ച. അരണ്ട വെളിച്ചത്തിൽ പഞ്ഞി പോലെ തൂവെള്ള മഞ്ഞ് പാറി വീഴുകയാണ്.ബാൽക്കണിയുടെ കൈവരിയിലും സൺഷേഡിലുമൊക്കെ അരയടിയെങ്കിലും കനത്തിൽ മഞ്ഞ് തങ്ങി നിൽക്കുകയാണ്. പുറത്തെ മരങ്ങളൊക്കെ മിക്കവാറും പഞ്ഞി കൂമ്പാരങ്ങൾ ആയിരിക്കുന്നു. ഇതിനു മുമ്പ് എന്റെ മഞ്ഞുവീഴ്ച അനുഭവങ്ങളെല്ലാം ഹിമാലയത്തിൽ നിന്നാണ്. അവിടങ്ങളിലെ മഞ്ഞുവീഴ്ച പലപ്പോഴും അത്ര ആഹ്ലാദകരമായി തോന്നിയിട്ടില്ല. എന്തെങ്കിലും അപകടങ്ങൾ ഉണ്ടാവുമോ, തിരിച്ചു പോക്ക് മുടങ്ങുമോ എന്നാക്കെയുള്ള ആശങ്കകളാവും മുന്നിൽ നിൽക്കുക. ഇവിടെയാകട്ടെ അങ്ങനെയൊരു ആശങ്കയ്ക്ക് ഇടയില്ല. നമ്മൾ സുരക്ഷിതരാണെന്ന ബോധം കൊണ്ടാവാം അത്യാഹ്ലാദകരമായ അനുഭവം.

ജാക്കറ്റുകൾ അണിഞ്ഞ് കൂടുതൽ കരുതലോടെ ഹോട്ടലിന് പുറത്തെത്തി. ഇപ്പോഴും മങ്ങിയ വെളിച്ചം മാത്രം. വീഴുന്നതും വീണതുമായ ഹിമത്തിന്റെ ധവളിമ. പുറത്ത് പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളുടെ പുറത്തും വശങ്ങളിലുമൊക്കെ മഞ്ഞ് കൂമ്പാരം കൂടി കിടപ്പുണ്ട്. ഓടുന്ന വാഹനങ്ങളുടെ പുറത്തു നിന്ന് താഴേക്ക് ചിലപ്പോഴൊക്കെ ഈ മഞ്ഞിൻ കൂമ്പാരങ്ങൾ പതിക്കുന്നുണ്ട്. മഞ്ഞ് വീഴ്ചയ്ക്ക് അകമ്പടിയായി സാമാന്യം നല്ല കാറ്റുമുണ്ട്. ഈ നാട്ടുകാരെന്ന് തോന്നിക്കുന്ന ചിലരെല്ലാം കുടയുമായും കുടയില്ലാതെയും മഞ്ഞ് വീഴ്ചയിലൂടെ നടന്ന് നീങ്ങുന്നുണ്ട്. ഒരു നിത്യസംഭവം എന്ന മട്ടിലാണ്



അവർ ഈ മഞ്ഞുവീഴ്ചയെ കാണുന്നത് എന്ന് തോന്നുന്നു. മഞ്ഞിൽ വിരിഞ്ഞ പൂക്കളാവാം അവർ. ഒരു ചാഞ്ചല്യത്തിന്റെ ഭാവമേ അവരിൽ കാണാനില്ല.'ജീവിതം അവർക്കൊരു പരീക്ഷണമല്ല, ഒരു ഉത്സവമാണെന്ന് അവരുടെ മുഖഭാവങ്ങൾ വ്യക്തമാക്കുന്നു' എന്ന് പൊറ്റക്കാട് റഷ്യക്കാരെ കുറിച്ച് പൊതുവിൽ പറഞ്ഞത് ശരിയാണെന്ന് എനിക്കിപ്പോൾ തോന്നിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെ ക്രൗര്യങ്ങളെ എത്ര ധീരമായാണ് അവർ നേരിടുന്നത്!

മഞ്ഞ് വീഴ്ച അല്പം ശാന്തമായപ്പോഴാണ് ടെറിബർക്കയിലേക്കുള്ള ഞങ്ങളുടെ യാത്ര തുടങ്ങുന്നത്.ഇന്നലെ രാത്രി ധ്രുവദീപ്തി തേടിപ്പോയ വാനിൽ തന്നെയാണ് ഇന്നും യാത്ര. ഇവിടുത്തെ മഞ്ഞ് പുതഞ്ഞ വഴികളിൽ ഈ വാൻ ഉത്തമമാണെന്ന് തോന്നുന്നു. മഞ്ഞിൽ തെന്നാതിരിക്കാനാവണം ചക്രങ്ങളിൽ ചില പ്രത്യേക ഗ്രിപ്പുകൾ പിടിപ്പിച്ചിട്ടുണ്ട്. ദിമിത്രി തന്നെ ഡ്രൈവർ.(കടപ്പാട് – വി.കെ.എൻ) മഞ്ഞിൽ നീന്തിയെന്നതു പോലെ വാൻ മുന്നോട്ട്.

രണ്ടാം ലോകയുദ്ധത്തിൽ മരിച്ച പടയാളികളുടെ സ്മാരകമായ അലോഷ മുർമാൻസ്കിലെ ഒരു ചെറിയ കുന്നിൻ പുറത്താണ്. അലോഷയെന്നാൽ സംരക്ഷകൻ എന്നർത്ഥം. പുരാതന റഷ്യയിലെ സ്ലാവുകളുടെ ഒരു ഇതിഹാസ നായകനാണ് അലോഷ. ഇവിടെയാകട്ടെ ഈ പുരാതന നായകൻ കൈയിലും പുറത്തും ലൈറ്റ് മെഷീൻ ഗണ്ണുമായി ആർട്ടിക് പ്രദേശങ്ങളിൽ സാധാരണമായ കാൽമുട്ടുവരെയെത്തുന്ന നീണ്ട കോട്ടിട്ട്, തൊപ്പി വെച്ച് തികച്ചും ആധുനികനായാണ് നിൽപ്പ്.നോട്ടം പടിഞ്ഞാറേക്ക്, യൂറോപ്പിലേക്കാണ്.ശില്പത്തിന് ചുവട്ടിൽ, കറുത്ത മാർബിൾ തറയിലെ പന്തം ആ മഞ്ഞുവീഴ്ചയിലും കത്തിക്കൊണ്ടിരുന്നത് കൗതുകകരമായി തോന്നി.116 അടി ഉയരമുള്ള അലോഷ‌ഒരു അതിഗംഭീര ശില്പമാണ്. വലിയനിർമ്മിതികളോട് റഷ്യക്കാർക്കുള്ള ഭ്രമം അവരെ യൂറോപ്യന്മാരിൽ നിന്ന് വ്യതിരിക്തരാക്കുന്നു എന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. വല്ലാത്തൊരു സ്വയം പ്രദർശന വ്യഗ്രതയുള്ള സമൂഹമായാണ് സാർ കാലം മുതൽ അവർ പെരുമാറാറുള്ളത്. ഇതിഹാസ നായകൻ അലോഷയെയല്ല, 'എനിക്ക് അനശ്വരതയ്ക്കായി ജീവിക്കണം; ഒരു വിട്ടുവീഴ്ചയും ഞാൻ സ്വീകരിക്കില്ല' എന്നു പറഞ്ഞ ദസ്തയോവ്സ്കിയുടെ അലോഷയെയാണ് നമുക്ക് കൂടുതൽ പരിചിതം. നമുക്ക് പ്രിയപ്പെട്ട എഴുത്തുകാരന്റെ മാനസ കഥാപാത്രം. അലക്സി കാരമസോവിന്റെ ഈ ഇളയ മകനെയാണ് ദസ്തയോവ്സ്കി റഷ്യയുടെ ഭാവി നായകനായി കാണുന്നത്. ദസ്തയോവ്സ്കിയുടെ ഇളയ മകന്റെ പേരും അലോഷയെന്നായിരുന്നു.

സ്മാരകശില്പത്തിന്റെ ചുവട്ടിൽ നി



ന്നാൽ താഴെ കേൾവികേട്ട മുർമാൻസ്ക് തുറമുഖം കാണാം. ആർട്ടിക് വലയത്തിനുള്ളിലെ ഏറ്റവും വലിയ തുറമുഖം. ആർട്ടിക് പ്രദേശത്തു നിന്ന് അകന്നു കിടക്കുന്ന തുറമുഖങ്ങൾ വരെ ശൈത്യകാലത്ത് വെള്ളം കട്ടിയായി കപ്പലുകൾ ഓടിക്കാൻ പറ്റാതാവുമ്പോൾ, ഏറ്റവും ശൈത്യമുള്ള ദിവസങ്ങളിൽ പോലും ഇവിടെ വെള്ളം ഹിമമാവുന്നില്ല. ഗൾഫ് സ്ട്രീം എന്ന ഉഷ്ണപ്രവാഹത്തെയും വഹിച്ച് എത്തുന്ന നോർത്ത് അറ്റ്ലാന്റിക് ഒഴുക്ക് മുർമാൻസ്കിന് സമീപകടലിലൂടെയാണ് കടന്നു പോകുന്നത് എന്നതാണ് ഇതിന് കാരണം. വർഷം മുഴുവൻ ഉപയോഗിക്കാവുന്ന തുറമുഖ മാണിത്. വെള്ളം ഉറയാത്തതിനാൽ ഇവിടുത്തെ കടലും ജൈവസമ്പന്നമാണ്. ആയതിനാൽ മത്സ്യബന്ധനവും വർഷം മുഴുവൻ തകൃതിയായിവിടെ നടക്കുന്നു.

വീണ്ടും ടെറിബർക്ക വഴിയിൽ. മഞ്ഞണിഞ്ഞു നിൽക്കുന്ന സ്പ്രൂസ്(spruce), ഫിർ മരങ്ങൾ സാധാരണയിലും പൊക്കം കുറഞ്ഞാണിവിടെ കാണപ്പെടുന്നത്. ടൈഗ ജൈവ മേഖലയിലെ വലിയ മരങ്ങളായ പോപ്ലാർ, വില്ലോ, ഓക്ക് എന്നിവയൊന്നും ഇവിടെ കാണാനേയില്ല. ചെറിയ കുന്നുകളും താഴ്വാരങ്ങളും ഉരുളൻ കല്ലുകളുമൊക്കെ ചിലയിടങ്ങളിൽ കാണാം. ഇവയ്ക്കിടയിലൂടെ വഴി മിക്കവാറും ഒരു നേർ വരപോലെയാണ്. മഞ്ഞിൻ പരപ്പിൽ റോഡിന്റെ സ്വാഭാവിക നിറവും അവസ്ഥയുമൊന്നും വ്യക്തമാകുന്നതേയില്ല. അപ്പുറവും ഇപ്പുറവുമുള്ള ക്രാഷ് ബാരിയറിന്റെ നടുവിൽ റോഡ് എന്ന വിശ്വാസത്തിലാണ് ദിമിത്രി വാൻ പായിക്കുന്നത്. ക്രാഷ്ബാരിയറും ഹിമത്താൽ മൂടിപ്പോവുമ്പോൾ റോഡ് തിരിച്ചറിയാനാവും ഉയരം അടയാളപ്പെടുത്തിയ നീണ്ട ദണ്ഡുകൾ റോഡ് വക്കിൽ കൃത്യമായ അകലങ്ങളിൽ നാട്ടിയിരിക്കുന്നു. അതും മുടി പോവുമ്പോഴാകാം ഇതുവഴിയുള്ള വണ്ടിയോട്ടം മിക്കവാറും നിലയ്ക്കുക. പിന്നെയും ആവശ്യം വന്നാൽ സ്നോ മൊബൈലുകളും ഹെലികോപ്റ്ററുകളും ഉപയോഗിക്കും. തീരെ ഒറ്റപ്പെട്ട ചില പ്രദേശങ്ങളിൽ ഹസ്കി സ്ലെഡുകളും ഓടിക്കും. അതാവുമ്പോൾ റോഡ് തന്നെ വേണമെന്നില്ല, എതിലേയും ഓടിക്കാം.

വീണ്ടും കുറെ ദൂരം കൂടി ചെല്ലുമ്പോൾ മരങ്ങളേ ഇല്ലാത്ത മഞ്ഞുപാടങ്ങളിൽ നാമെത്തുകയായി.അവിടവിടെ ചില കുറ്റിച്ചെടികൾ മാത്രം. ആർട്ടിക് തുന്ദ്ര ജൈവ മേഖലയിലൂടെയാണ് ഇപ്പോൾ പോകുന്നതെന്ന് ഗൈഡ് മില പറഞ്ഞു.തുന്ദ്ര എന്നതു പോലും സാമി ഭാഷയിലെ വാക്കാണത്രേ. അതികഠിനമായ തണുപ്പും കുറഞ്ഞ മഴയും ശക്തമായ കാറ്റും ഉള്ളിടങ്ങളിൽ മരങ്ങൾക്ക് വളരാനാവില്ല. ശക്തമായ വേരുപടലമുള്ള കുറ്റിച്ചെടികളും മഞ്ഞുകാലം കഴിയുമ്പോൾ മുളച്ച്, അടുത്ത മഞ്ഞുകാലത്തിനു മുമ്പ് പുഷ്പിച്ച് വിത്തുകളെ മഞ്ഞിനടിയിൽ ഭദ്രമായി സൂക്ഷിക്കുന്ന പുല്ലുകളും പൂച്ചെടികളുമാണ് ഈ ജൈവമേഖലയിൽ സാധാരണ കാണാറ്.ആർട്ടിക്കിലേതുപോലെ അന്റാർട്ടിക് തുന്ദ്രയുമുണ്ട്. അതുപോലെ ഹിമാലയത്തിലും മറ്റും ഉയരം കൂടിയ താഴ്വരകളിലും പീഠഭൂമികളിലും ഒക്കെ ഇത്തരം തുന്ദ്രകൾ കാണാം.ആർട്ടിക്, അന്റാർട്ടിക് മേഖലകളിൽ ഭൂമധ്യരേഖയിൽ നിന്നുള്ള അകലവും ആൽപൈൻ തുന്ദ്രകളിൽ കടൽനിരപ്പിൽ നിന്നുള്ള ഉയരവുമാണ് ഇത്തരം ജൈവ മേഖലകളെ സൃഷ്ടിക്കുന്നത്. ആർട്ടിക്കിൽ സാധാരണ എഴുപത് ഡിഗ്രി അക്ഷാംശം മുതലാണ് ഇവ കണ്ടു തുടങ്ങുന്നത്.ആർട്ടിക് കുറുക്കന്മാരും

ചെന്നായകളും ധ്രുവക്കരടികളും റെയിൻഡിയർ മാനുകളുമൊക്കെയാണ് സാധാരണ ഇവിടെ കാണുക.

മുർമാൻസ്കിൽ നിന്ന് 133 കിലോമീറ്റർ ദൂരത്തിലുള്ള, ആർട്ടിക് കടൽത്തീര ഗ്രാമമായ ടെറിബർക്ക ലോകത്തിന്റെ അവസാനമെന്നും അഗ്രമെന്നുമൊക്കെയാണ് അറിയപ്പെടുന്നത്.എന്താണ് ഇങ്ങനെയൊരു വിശേഷണത്തിന് കാരണമെന്നറിയില്ല. ഒരു പക്ഷേ യൂറോപ്യൻ വൻകര ആർട്ടിക് ധ്രുവത്തോട് ഏറ്റവും അടുത്തു കിടക്കുന്നതിവിടെയാവാം. യൂറോപ്യന്മാർക്ക് അല്ലെങ്കിലും യൂറോപ്പാണല്ലോ ലോകം. ടെറിബർക്ക ഉത്തരധ്രുവത്തിൽ നിന്ന് 2202 കിലോമീറ്റർ അകലത്തിലാണ്. ധ്രുവത്തോട് ഏറ്റവും അടുത്ത കരയായ ഗ്രീൻലാൻഡിലെ കാഫെക്ലുബൻ ദ്വീപ്(Kaffeklubben Island) 700 കിലോമീറ്റർ മാത്രം അകലെയാണ്. ധ്രുവത്തോട് ഏറ്റവുമടുത്ത മനുഷ്യവാസമുള്ള കരയും ഇതല്ല. അത് 817 കിലോമീറ്റർ മാത്രം മാറി കിടക്കുന്ന കാനഡയുടെ ക്വിക്കിറ്റാലുക് (Qikiqtaaluk) എന്ന പ്രദേശവുമാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ മുർമാൻസ്ക് ഒബ്ലാസ്റ്റസിലെ (പ്രൊവിൻസ് ) ഏറ്റവും വലിയ ഗ്രാമമായിരുന്നു ടെറിബർക്ക.പള്ളി, ലൈറ്റ് ഹൗസ്, ഷിപ്പ് യാർഡ്, മത്സ്യസംസ്കരണ ശാല, രണ്ട് ഡയറിഫാമുകൾ ഒക്കെ ഇവിടുണ്ടായിരുന്നു. മുർമാൻസ്ക് ഒബ്ലാസ്റ്റസിലെ ഏക കാലാവസ്ഥാനിരീക്ഷണ കേന്ദ്രവും ഇവിടായിരുന്നു.രണ്ട് സ്കൂളുകൾ(അതിലൊന്ന് ബോർഡിംഗ് സ്കൂൾ), വർക്കേഴ്സ് ക്ലബ്, രണ്ടായിരത്തിലേറെ റെയിൻഡിയറുകളുള്ള ഫാം ഒക്കെയുള്ള സംതൃപ്തരായ മനുഷ്യർ ജീവിക്കുന്ന ഗ്രാമമായിരുന്നു ഇത്.1950 ൽ അയ്യായിരത്തിനടുത്തായിരുന്നു ജനസംഖ്യ. പിന്നീട് പല പല കാരണങ്ങളാൽ ഗ്രാമത്തിന്റെ പ്രതാപം ഇടിഞ്ഞു. ആധുനിക മത്സ്യ ബന്ധന കപ്പലുകൾക്ക് ഇവിടെ അടുക്കാനാവാത്തതിനാൽ മത്സ്യ സംസ്കരണ ശാല അടച്ചു പൂട്ടി. റെയിൻഡിയർ ഫാം വേറേതോ പ്രദേശത്തേക്ക് എന്തോ കാരണത്താൽ പറിച്ചു നട്ടു. ജലവൈദ്യുത പദ്ധതിയ്ക്കു വേണ്ടി ടെറിബർക്ക നദിയിൽ അണക്കെട്ട് വന്നതോടെ സാൽമൺ മീനിന്റെ ദേശാടനം തടയപ്പെട്ടു. ബോർഡിംഗ് സ്കൂളും വർക്കേഴ്സ് ക്ലബ്ബും അടച്ചു പൂട്ടി. ഇവിടെ ഇപ്പോൾ ജനസംഖ്യ അഞ്ഞൂറിനടുത്ത് മാത്രം. ഇതൊരു ഉപേക്ഷിക്കപ്പെട്ട, കാലം മറന്നുകളഞ്ഞ ഗ്രാമമായി.

ടെറിബർക്കയെ ജീവിതത്തിലേക്ക് തിരിച്ചു നടത്തിയത് ലെവൈത്തൻ (Leviathan) എന്ന ക്ലാസിക് ചലച്ചിത്രമാണെന്ന് പറയാം.ആന്ദ്രേ സ്വാഗിൻസെവിന്റെ (Andrey Zvyaginstev) ഈ ചിത്രം ഈ ഗ്രാമത്തെ ലോകപ്രശസ്തമാക്കി. ഓസ്കാർ, കാൻ അവാർഡുകൾ നേടിയ ഈ ചിത്രം 2014 ലെ ഗോവ ചലച്ചിത്രമേളയിൽ(IFFI) യിൽ മികച്ച ചിത്രമായി സുവർണ്ണമയൂരം നേടി. 2014ലെ IFFK യിൽ വലിയ പ്രതീക്ഷയോടെ വന്ന ഈ ചിത്രത്തെ മലയാളികൾ കാര്യമായി സ്വീകരിച്ചില്ല. അന്ന് ക്യൂ നിന്ന് തിയേറ്ററിൽ കേറാനാവാതെ നിരാശനായി മടങ്ങേണ്ടി വന്നെങ്കിലും അധികം താമസിയാതെ തന്നെ ഞാൻ ഈ ചിത്രം കാണുകയുണ്ടായി. അധികാരം മനുഷ്യരെ നിസ്സഹായരാക്കി കളയുന്നതിന്റെ സത്യസന്ധമായ ഒരു ആവിഷ്ക്കാരമായിട്ടാണ് എനിക്ക് തോന്നിയത്. ഭാര്യയോടും കൗമാരക്കാരനായ മകനോടുമൊപ്പം സന്തുഷ്ടനായി ഗ്രാമത്തിൽ കഴിയുന്ന ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് നടത്തുന്ന കോലി എന്ന മനുഷ്യനാണ് ഇതിലെ നായകൻ. അയാളുടെ വീടും സ്ഥലവും വിനോദ സഞ്ചാരത്തിന് ഏറ്റെടുക്കാൻ പ്രാദേശിക ഭരണകൂടം ശ്രമിക്കുന്നിടത്താണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. തനിക്കു വേണ്ടി വാദിക്കാൻ മോസ്കോയിൽ നിന്ന് പ്രഗല്ഭനായ വക്കീൽ സുഹൃത്തിനെ അയാൾ കൊണ്ടുവരുന്നു.അയാളും കോലിയുടെ ഭാര്യയും പ്രണയത്തിലാവുന്നു.ഇതറിഞ്ഞ കോലി സുഹൃത്തിനെ പഞ്ഞിക്കിടുന്നു.ഭാര്യ ആത്മഹത്യ ചെയ്യുന്നു.ഭാര്യയുടെ മരണത്തിന് കാരണം അയാളെന്ന് ആരോപിച്ച് ഭരണകൂടം അയാളെ ജയിലിലടയ്ക്കുന്നു. അയാളുടെ വീട് ഇടിച്ചു പൊളിച്ചു കളഞ്ഞ്, സ്ഥലം അവർ സ്വന്തമാക്കുന്നു. ഇതിനെല്ലാം അധികാരികൾക്ക് കൂട്ടായി മതമുണ്ട്. ദാക്ഷിണ്യമില്ലാത്ത ദൈവനീതിയെ അനുസരിക്കാനാണ് മതം ഭക്തനായ കോലിയോട് ആവശ്യപ്പെടുന്നത്. ദൈവത്തെ അനുസരിച്ച ഈയോബിന് ദൈവം പ്രതിഫലം കൊടുത്ത കഥ പറഞ്ഞ് അധികാരികൾക്ക് വിധേയനാകാൻ സഭ നിർബന്ധിക്കുകയാണ് അയാളെ. ( സംശയിക്കാതെ, ചോദ്യങ്ങൾ ചോദിക്കാതെ വിശ്വസിക്കാനും മുട്ടിൽ നിൽക്കാനാണല്ലോ എല്ലാക്കാലത്തും എല്ലാ മതങ്ങളും ഭക്തരോട് ആവശ്യപ്പെടുന്നത് ) മതവും ഭരണകൂടവും കടൽ ചെകുത്താനായി അയാളെ വേട്ടയാടുകയാണ്. സിനിമയിൽ ആവർത്തിച്ച് കാണിക്കുന്ന തിമിംഗലത്തിൻ്റേതുപോലുള്ള വൻ അസ്ഥികൂടം ഈ കടൽ ചെകുത്താന്റെ പ്രതീകമാണ്. അതുപോലെ പല ഫ്രെയിമുകളിലും ആവർത്തിക്കുന്ന പവർ ടവറുകളും അധികാര ചിഹ്നങ്ങൾ തന്നെ. കപ്പലുകളുടെ ശ്മശാനം ഉപേക്ഷിക്കപ്പെട്ട ഗ്രാമം തന്നെ. ലെവൈത്തൻ ടെറിബർക്കയുടെ കഥ തന്നെ.

ടെറിബർക്കയിലെ സാൻഡ് ബീച്ചിന് അടുത്താണ് വാൻ നിറുത്തിയത്. രണ്ടു മൂന്നടി കനത്തിലെങ്കിലുമാണ് ഇവിടെ മഞ്ഞ് വീണു കിടക്കുന്നത്. ലെവൈത്തൻ സിനിമയിലേതുപോലുള്ള തിമിംഗലഅസ്ഥികൂടം പോലൊന്ന് ഇവിടുണ്ട്.ഇത് സിനിമയിലേതു തന്നെയോ എന്ന് സംശയമുണ്ട്. മിലയോട് ചോദിച്ചപ്പോൾ അറിയില്ല എന്നാണ് പറഞ്ഞത്. അല്പം മുമ്പ് ടെറിബർക്കയിലേക്കുള്ള പാലം കടന്നപ്പോൾ എന്റെ മനസിൽ ഓടിയെത്തിയ ലെവൈത്തൻ സിനിമ അസ്ഥികൂടം കൂടി കണ്ടതോടെ ഒരു ഒഴിയാബാധയായി. പിന്നെ ഞാൻ ഈ വിസ്മൃത ഗ്രാമത്തെ ലെവൈത്തൻ സിനിമയ്ക്ക് ഉള്ളിൽ നിന്നാണ് അന്വേഷിച്ചത്. സിനിമയിൽ ഗ്രാമത്തിന്റെ മനോഹാരിതയല്ല മറിച്ച് അതിന്റെ വൈചിത്ര്യമാണ് കാട്ടുന്നത്.ചില ഫ്രെയിമുകൾ അഭൗമം പോലുമാണ്. അതുകൊണ്ടാവാം ഈ മനോഹര കടൽത്തീരം സിനിമയിലില്ല. മഞ്ഞിലൂടെ ഒരു നൂറ്റമ്പത് അടി നടന്നാൽ ആർട്ടിക് സമുദ്രത്തിന്റെ ഭാഗമായ ബാരൻ്റ്സ് കടലിൽ



തൊടാം. തണുപ്പുകാലമാവുന്നതിന്റെ മുമ്പ് ഇവിടം കളിക്കാരുടെ കേന്ദ്രമാണത്രേ. പൊർഫിറി ഇവാനോവ് (Porfiry Ivanov) എന്ന ആൾദൈവത്തിന്റെ അനുയായികൾ മഞ്ഞുകാലത്തും ഇവിടെ കളിക്കാനെത്തുമായിരുന്നത്രേ. മഞ്ഞുകളി ആരോഗ്യദായകം എന്നായിരുന്നു അയാളുടെ വാദം.നഗ്നരായി മഞ്ഞിൽ കളിച്ച് രോഗം വരുത്തുന്ന അയാളുടെ അനുയായികളുടെ എണ്ണം കൂടി വന്നപ്പോൾ സോവ്യറ്റ് സർക്കാർ അയാളെ പിടിച്ച് 12 വർഷം ഭ്രാന്താശുപത്രിയിലാക്കിയത്രേ. ഹിമാലയത്തിലെ ചില ഇന്ത്യൻ സ്വാമിമാരായിരുന്നത്രേ അയാളുടെ ഗുരു.അയാളുടെ അനുയായികൾ ഇപ്പോൾ വീണ്ടും സജീവമായിട്ടുണ്ടത്രേ. അവരുടെ അടയാളങ്ങളാണോ എന്തോ ഇന്ത്യൻ സ്റ്റൈലിലുള്ള ചില ചിത്രങ്ങൾ ഇവിടെ കാണാം.

ടൂറിസ്റ്റുകൾക്കായി എന്തെല്ലാമോ ഇവിടെ ഒരുക്കി വെച്ചിരിക്കുന്നു. ഞങ്ങളല്ലാതെ വേറെ ആരെയും ഇവിടെങ്ങും കാണാനില്ല.ആ ഹിമപ്പരപ്പിലൂടെ വെറുതെ അലഞ്ഞു നടക്കുമ്പോൾ ഗോൾഡ് റഷ് എന്ന ചാർലി ചാപ്ലിൻ സിനിമയാണ് ഞാനോർത്തത്. സ്വർണ്ണം തേടി അലാസ്കൻ ഗ്രാമങ്ങളിലേക്ക് അലച്ചെത്തിയ ഭാഗ്യാന്വേഷികളായ മനുഷ്യരുടെ കഥയാണല്ലോ അതിൽ. ബീച്ചിലെ ഒരു തകര ഷെഡിന്റെ ഭിത്തിയിലുറപ്പിച്ച കണ്ണാടിയിൽ കണ്ട എന്റെ രൂപം സിനിമയിലെ, വിശപ്പിനാൽ ഭ്രാന്തുപിടിച്ച താടിക്കാരൻ ബിഗ് ജിമ്മിനെ പോലിരിക്കുന്നു എന്നെനിക്ക് തോന്നി.

റെസ്റ്റോറന്റിൽ ഉച്ചഭക്ഷണത്തെത്തിയപ്പോൾ ഒരു പ്രശ്നം ഉടലെടുത്തു. ഞങ്ങളുടെ കൂട്ടത്തിൽ വെജിറ്റേറിയൻ ആഹാരം മാത്രം കഴിക്കുന്ന ചിലരുണ്ട്.റെസ്റ്റോറന്റുകാർക്ക് വെജിറ്റേറിയൻ എന്നത് എത്ര പറഞ്ഞിട്ടും മനസിലാവുന്നില്ല. മില അവർക്ക് മനസിലാവുന്ന ഭാഷയിൽ പറഞ്ഞു നോക്കി. ഒരു രക്ഷേമില്ല. സൂപ്പ് തൊട്ട് സോസ് വരെ മീൻ രുചിയിലാണ്. അവസാനം ഞങ്ങളുടെ കൂട്ടത്തിലെ ചിലർ മീനില്ലാത്തത് എന്നുറപ്പുള്ള ഏതാണ്ട് ചില പച്ചിലകളും പച്ചക്കറികളും ഒക്കെ തിന്ന് വിശപ്പടക്കി.ഞാനൊക്കെ 'പ്യുവർ നോൺവെജാ'യതു കൊണ്ട് എനിക്ക് ഇവിടുത്തെ ആഹാരം 'ക്ഷ'ബോധിച്ചു. ടെറിബർക്കയിൽ സുലഭമായ ഒരു തരം പൂമീൻ(Cod Fish) ചുട്ടെടുത്തതായിരുന്നു മുഖ്യവിഭവം.

കപ്പലുകളുടെ ശ്മശാനമാണ് ടെറിബർക്കയിലെ ഒരു പ്രധാന കാഴ്ച. ഉപേക്ഷിക്കപ്പെട്ട ചെറിയ കപ്പലുകൾ തലകുത്തിയും തിരിഞ്ഞും മറിഞ്ഞുമൊക്കെ പാതി ദ്രവിച്ച് ഇവിടെ കിടപ്പുണ്ട്. ചിലതിന്റെ മുകളിൽ കയറി നിന്ന് ചില പടങ്ങളൊക്കെ പിടിച്ചു. ലെവൈത്തൻ സിനിമയിൽ ഈ ദൃശ്യം കണ്ടപ്പോൾ ഞാൻ വിചാരിച്ചത് സിനിമയ്ക്ക് വേണ്ടിയിട്ട സെറ്റാവും ഇതെന്ന്. ആ സിനിമയിലെ ഏറ്റവും ശക്തമായ ദൃശ്യ ബിംബമാണിത്.കപ്പലുകളുടെ ഈ അവശിഷ്ടങ്ങൾ ആക്രിക്കാർ ആരും കൊണ്ടു പോകാതെ ഇവിടെ കിടക്കുന്നതെന്തേ എന്ന് സംശയിച്ചു പോയി. മുർമാൻസ്കിന് സമീപമുള്ള ഉംബ എന്ന നദിയിലെ 56 ടണ്ണിലേറെ ഭാരമുള്ള ഒരു പാലം മോഷ്ടാക്കൾ ഒറ്റ ദിവസം കൊണ്ട് മോഷ്ടിച്ച ഒരു കഥ സമീപകാലത്ത് കേട്ടിരുന്നു. അവരെന്തുകൊണ്ടാവാം ഈ കപ്പലുകളെ വെറുതെ വിട്ടത്?

ഉപേക്ഷിക്കപ്പെട്ട ഇടിഞ്ഞു പൊളിഞ്ഞ കെട്ടിടങ്ങൾ നിരവധിയുണ്ട് ഈ മൃത നഗരത്തിൽ. ലെവൈത്തൻ സിനിമ ഇറങ്ങിയിരുന്നില്ലെങ്കിൽ ഇപ്പോൾ മിക്കവാറും ഈ ഗ്രാമം ആളൊഴിഞ്ഞതായേനെ. ഇപ്പോൾ അറിഞ്ഞു കേട്ട് നിരവധി ടൂറിസ്റ്റുകൾ ഇവിടെത്തുന്നുണ്ടെങ്കിലും ഗ്രാമവാസികൾക്ക് ടൂറിസത്തോട് വലിയ താല്പര്യമില്ലെന്നാണ് കേൾക്കുന്നത്. ടൂറിസം ഒരുതരത്തിലുള്ള അടിമത്തമാണെന്നാണ് ഇവരുടെ വിശ്വാസം.ടൂറിസത്തിന് ഇഷ്ടം പോലെ സാധ്യതകളാണ് ഇവിടുള്ള

ത്.കടലിന്റെ പശ്ചാത്തലത്തിൽ ധ്രുവദീപ്തി കാണാൻ മികച്ച ഇടമാണിത്. കടലിലേക്ക് കുത്തനെ താണിറങ്ങുന്ന പാറക്കെട്ടുകൾ (Fjord) അതിമനോഹരങ്ങളാണ്. ചൂണ്ടയിടാനും മീൻ പിടിക്കാനും ഇതിലും പറ്റിയ ഇടങ്ങളില്ല. വാൽറസുകളേയും തിമിംഗലങ്ങളേയും നിരീക്ഷിക്കാനും പറ്റിയ സ്ഥലങ്ങൾ നിരവധി. ഇന്നാട്ടുകാർ ടൂറിസത്തോട് വിമുഖരാണെന്ന് മാത്രമല്ല ടൂറിസത്തിനു വേണ്ടി ഭൂമി വിട്ടുകൊടുക്കാനും അവർ തയ്യാറല്ലത്രേ. ചുരുക്കം പറഞ്ഞാൽ ലെവൈത്തൻ സിനിമയിലെ കോലിമാരാണ് ഇവർ.

ലോകത്തിന്റെ അഗ്രമായ ടെറിബർക്കയുടെ അഗ്രമാണ് ഉരുളൻ കല്ലുകളുടെ കടൽത്തീരം.നല്ല മിനുസമായ വലിയ ഉരുളൻ കല്ലുകളാണ് ഈ തീരത്തെമ്പാടും. ടെറിബർക്കയിൽ കൂടുതലെത്തുന്നത് ചൈനീസ് സഞ്ചാരികളാണ്. അവർ ഈ ഉരുളൻ കല്ലുകളെ അവർക്ക് പരിചിതമായ ഡ്രാഗൺ മുട്ടകളായി കണ്ട് 'ഡ്രാഗൺ എഗ് ബീച്ച്' എന്നാണ് വിളിക്കാറുള്ളത്. ചെറിയ ഫ്യോഡുകളാണ് ഇവിടുള്ളത്. ഇപ്പോൾ ഡ്രാഗൺ മുട്ടകളും പാറക്കെട്ടുകളുമെല്ലാം ഹിമം മൂടിത്തന്നെ. ഹിമത്തിൽ തപ്പിപ്പിടിച്ച് പോകാവുന്നിടം വരെ പോയി.

ആർട്ടിക് ധ്രുവത്തോട് വളരെ അടുത്താണല്ലോ ഞാൻ നിൽക്കുന്നതെന്നോർത്തപ്പോൾ ഒരു രോമാഞ്ചം.2200 കിലോമീറ്റർ കടലിലൂടെ നേരെ വടക്കോട്ട് സഞ്ചരിച്ചാൽ ഭൂമിയുടെ ഉത്തരധ്രുവത്തിലെത്താം. ഭൂഗോളത്തിന്റെ സാങ്കല്പിക നിറുകയിൽ.6 മാസം നീണ്ട പകലും 6 മാസം നീണ്ട രാത്രിയുമുള്ള, വർഷത്തിൽ ഒരു ഉദയവും ഒരു അസ്തമയവുമുള്ള ഇടം. ഉത്തരായനത്തിനിടയിൽ സൂര്യൻ ഭൂമധ്യരേഖയെ മുറിച്ചു കടക്കുന്ന മാർച്ച് 20 ലെ വിഷുവത്തിന് (Vernal Equinox) ആഘോഷമായ ഉദയവും ദക്ഷിണായനത്തിനിടയിൽ സൂര്യൻ ഭൂമധ്യരേഖയ്ക്ക് മുകളിലെത്തുന്ന സെപ്റ്റംബർ 23ന്(Autumnal Equinox) അസ്തമയവും. ഉദയത്തിന് ശേഷം നാലഞ്ച് ആഴ്ചകൾ പ്രഭാതം തന്നെ. അസ്തമയത്തിന് മുമ്പുള്ള നാലഞ്ചാഴ്ചകൾ സന്ധ്യയും. ധ്രുവത്തിലെ കലണ്ടറിൽ ഒരു ദിവസമേയുള്ളൂ. വർഷത്തിൽ ഒരു പകലും ഒരു രാത്രിയുമുള്ള നീണ്ട ഒരു ദിവസം. നമ്മുടെ സമയ സങ്കല്പങ്ങളെല്ലാം തെറ്റിച്ചു കൊണ്ട് സമയരേഖകളെല്ലാം ഇവിടെ സമ്മേളിക്കുന്നു. ഉത്തരധ്രുവത്തിലെത്തിയാൽ പിന്നെ വടക്കെവിടെ എന്നൊരു ചോദ്യം ആരോ ചോദിച്ചത് ഞാനിപ്പോൾ ഓർക്കുന്നു. ആദ്യമായി ഉത്തരധ്രുവം കീഴടക്കാൻ പോയവർ ഒരു പ്രദേശം കടന്നപ്പോൾ അവരുടെ വടക്കുനോക്കി യന്ത്രങ്ങൾ വട്ടം തിരിഞ്ഞതിനെക്കുറിച്ച് എവിടെയോ വായിച്ചതോർത്തു.ഈ നിരീക്ഷണം ശരിയാകണമെന്നില്ല. കാരണം ഉത്തരധ്രുവമല്ല കാന്തിക ഉത്തര ധ്രുവം.

ധ്രുവങ്ങൾ എല്ലാക്കാലത്തും മനുഷ്യനെ ലഹരിപിടിപ്പിച്ച ലക്ഷ്യസ്ഥാനങ്ങളായിരുന്നു. ആദ്യമായി അവിടെ എത്താനുള്ള ശ്രമത്തിനിടയിൽ മരിച്ചവരെത്ര. അന്റാർട്ടിക് പ്രദേശം കരയായതിനാൽ അന്റാർട്ടിക് ധ്രുവം നിർണ്ണയിക്കാനും അവിടെ എത്താനും താരതമ്യേന എളുപ്പമായിരുന്നു. ആർട്ടിക്കിന് വളരെ അടുത്തു വരെ മനുഷ്യവാസമുണ്ടെങ്കിലും അവിടെ എത്തൽ ദുഷ്കരമായിരുന്നു. കപ്പലിലും നടന്നും സ്ലെഡിലും ഒക്കെയായി 1909-ൽ റോബർട്ട് പിയറിയാണ് ആദ്യമായി ഉത്തരധ്രുവത്തിൽ എത്തിയത് എന്ന് കരുതപ്പെടുന്നു. അതിനു ശേഷം ഹെലികോപ്റ്ററിലും ഐസ്ബ്രേക്കർ കപ്പലിലും ഒക്കെ അവിടെത്തിയവരുണ്ട്. ഏത് സമയത്തും കുറഞ്ഞത് രണ്ടര മീറ്ററെങ്കിലും കനത്തിൽ ഹിമം നിറഞ്ഞതാണിവിടെ കടൽ എന്നതിനാൽ ധ്രുവത്തിൽ കൊടിനാട്ടുന്നവർ ഈ ഹിമത്തിലാണ് കൊടിനാട്ടുന്നത്. നമ്മൾ കൊടിനാട്ടുന്ന ഹിമപാളി ഒരു പക്ഷേ ഒഴുകിമാറിയേക്കാം. അതിനാൽ എന്നന്നേക്കുമായി കൃത്യമായി കൊടി നാട്ടേണ്ടവർ കടലിനടിയിലേക്ക് ഊളിയിടേണ്ടി വരും. 2007 ഓഗസ്റ്റ് രണ്ടിന് റഷ്യക്കാർ 4.3 കിലോമീറ്റർ കടലിന്റെ അടിയിലേക്ക് ചെന്ന് അവിടെ റഷ്യൻ പതാക നാട്ടി ഒറിജിനൽ ധ്രുവത്തിൽ കൊടി നാട്ടിയതായി പ്രഖ്യാപിച്ചിരിക്കുന്നു. മനുഷ്യന്റെ ഓരോരോ വാശികൾ, കൗതുകങ്ങൾ - ഓർത്താൽ വിസ്മയകരമാണ്.

റഷ്യയിൽ നിന്ന് അമേരിക്കയ്ക്ക് നടന്നു പോകാനാവുമോ എന്ന് അച്ചോയി എന്ന് എല്ലാവരും വിളിച്ചിരുന്ന ജോസഫ് നെടുമ്പുറം എന്ന സുഹൃത്ത് ഒരിക്കൽ എന്നോട് ചോദിച്ചിരുന്നു. ഭൂമിയെ കടലാസ് മാപ്പിൽ പരന്നതായി കണ്ടു ശീലിച്ച എനിക്ക് റഷ്യയും അമേരിക്കയും അന്ന് വളരെ വിദൂരങ്ങളായ രണ്ട് രാജ്യങ്ങളായിരുന്നു. പോകാൻ സാധിക്കുമെന്ന് അച്ചോയി അന്ന് സ്ഥാപിച്ചു.റഷ്യയുടെ കിഴക്കേ അറ്റം (?) സൈബീരിയയും അമേരിക്കയുടെ പടിഞ്ഞാറേ അറ്റം (?) അലാസ്കയും മുട്ടി മുട്ടിയാണ് നിൽക്കുന്നത്. ഇടയ്ക്ക് ബെറിംഗ് കടലിടുക്ക് മാത്രം. ഈ കടലിടുക്കിലെ റഷ്യൻ ദ്വീപായ ബിഗ് ഡയമിഡീസും(Big Diomedes) അമേരിക്കൻ ദ്വീപായ ലിറ്റിൽ ഡയമിഡീസും(Little Diomedes) തമ്മിൽ രണ്ടര മൈൽ അകലം മാത്രം. എന്നു മാത്രമല്ല ഏകദേശം വർഷം മുഴുവൻ കട്ടി മഞ്ഞിനാൽ മൂടിയാണിവിടം. ആഫ്രിക്കയിൽ നിന്ന് യൂറോപ്പും ഏഷ്യയും കടന്ന് അമേരിക്കകളിലേക്ക് ആദി മാനവൻ പരന്നത് 16000 വർഷം മുമ്പത്തെ ഹിമയുഗത്തിൽ ബെറിംഗ് ഹിമപാത്തി കടന്നാണ് എന്ന് നരവംശ ശാസ്ത്രകാരന്മാരിൽ ചിലർ കരുതുന്നു. മഹത്തായ ആ വഴിത്താരയിലാണ് എഴുപതു ഡിഗ്രി അക്ഷാംശത്തിൽ ധ്രുവം നോക്കി ഞാനിപ്പോൾ നിൽക്കുന്നത്.നാലഞ്ച് വർഷം മുമ്പ് മരണപ്പെട്ട പ്രിയ സുഹൃത്ത് അച്ചോയിയും ഇപ്പോഴെന്റെ മനസിലേക്ക് അവിചാരിതമായി കടന്നു വരുന്നു.

'തണുത്ത മഞ്ഞും സൂര്യപ്രകാശവും: അത്ഭുതത്തിന്റെ ഒരു ദിവസം' എന്ന അലക്സാണ്ടർ പുഷ്കിന്റെ പ്രശസ്തമായ കവിത എന്റെ ഈ ദിവസത്തെ ആവിഷ്കരിക്കാനായി നൂറ്റാണ്ടുകൾക്ക് മുമ്പെഴുതിയതാവുമോ?

**ഡോ. സാജൻ കെ എസ്**
എൻ എസ് എസ് ട്രെയിനിംഗ് കോളേജ് ഒറ്റപ്പാലം


# വ്യത്യസ്തതരം ഫോണ്ടുകൾ മൊബൈൽ ഫോണിൽ ഉപയോഗിക്കുന്നതെങ്ങനെ

വ്യത്യസ്തതരം ഫോണ്ടുകൾ മൊബൈൽ ഫോണിൽ ഉപയോഗിക്കുന്നതിന് ചെയ്യുന്ന രീതിയാണ് വിശദീകരിക്കുന്നത്.

വാട്സ്ആപ്പിലും മറ്റ് പ്ലാറ്റ്ഫോമുകളിലും ടൈപ്പ് ചെയ്യുന്നതിന് ഇത് നമുക്ക് സഹായകരമാകും.

അതിനുവേണ്ടി പ്ലേസ്റ്റോറിൽ നിന്ന് ഫോണ്ട്  കീബോർഡ് ഇൻസ്റ്റാൾ ചെയ്യുക. പ്ലേസ്റ്റോറിൽ വ്യത്യസ്തതരം ഫോണ്ട് കീബോർഡുകൾ ഉള്ളത്  സംശയത്തിന് ഇടയാക്കുന്ന തിനാൽ ഈ ലേഖനത്തിൽ നൽകിയിട്ടുള്ള  ക്യൂആർ കോഡ് ഉപയോഗിച്ച്.. അല്ലെങ്കിൽ നൽകിയിട്ടുള്ള. സ്ക്രീൻഷോട്ട് ലെ അടയാളത്തിന് അനുയോജ്യമായ അപ്ലിക്കേഷൻ തിരഞ്ഞെടുത്തു അത് ഇൻസ്റ്റാൾ ചെയ്യുക.

Fontskeyboardഇൻസ്റ്റാൾ ചെയ്തു കഴിഞ്ഞാൽ  ഉടനെതന്നെ ചേഞ്ച് ഫോൺ കീബോർഡ് എന്ന് കാണും അത് ഉപയോഗിച്ചുകൊണ്ട് പുതിയ കീബോർഡ് ലേക്ക് നമ്മുടെ ഫോൺ മാറ്റുക. ആ കീബോർഡിൻറെ മുകളിലെ വരിയിൽ വ്യത്യസ്തതരം ഫോണ്ടുകൾ കാണാം. അത് വലത്തോട്ടോ ഇടത്തോട്ടോ സ്ക്രോൾ ചെയ്തു കഴിഞ്ഞാൽ  കൂടുതൽ വ്യത്യസ്തതരത്തിലുള്ളവ കാണാൻ കഴിയും. ഔട്ട്ലൈൻ ഫോണ്ടുകൾ  ചെരിഞ്ഞ അക്ഷരം ലഭിക്കുന്നവ  ഷെരീഫ് എന്ന ഫോണ്ട് . ഇറ്റാലിക്ക്ടൈപ്പ് ചെയ്യാൻ കഴിയുന്നവ കോമിക് ഫോണ്ടുകൾ സ്മോൾ ക്യാപ് ഫോണ്ടുകൾ. ചെറിയ ലെറ്ററുകൾ സർട്ടിഫിക്കറ്റുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന അക്ഷരങ്ങൾ സ്പെഷൽ ബോൾഡ് -തുടങ്ങി നമ്മുടെ വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന പലതരം ഫോണ്ടുകൾ ഇതിൽ ലഭ്യമാണ്.ഈ ഫോണ്ടുകൾ വാട്സാപ്പിൽ ടൈപ്പ് ചെയ്യുന്നതിന് മാത്രമല്ല വേൾഡ് ഡോക്യുമെന്റുകൾ ഗൂഗിൾ ഡോക്യുമെൻറുകൾ ഗൂഗിൾ സ്ലൈഡ് നിർമ്മിക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിന് തുടങ്ങി മറ്റു പല ആവശ്യങ്ങൾക്കും ഈ ഫോണ്ടുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം മെച്ചങ്ങൾ ഉണ്ടെങ്കിലും ഈ കീബോർഡിൽ ഗ്ലൈഡ്ഡ് ടൈപ്പിംഗ് വോയിസ് ടൈപ്പിംഗ് തുടങ്ങിയ സവിശേഷതകൾ ഇല്ല അതുകൊണ്ടുതന്നെ




ഗൂഗിളിന്റെ ജി ബോർഡിലേക്ക് നമുക്ക് തിരിച്ചു പോകേണ്ടതായി വരും. അതിന് കീബോർഡിൽ നൽകിയിട്ടുള്ള ലാംഗ്വേജ് ബട്ടൺ അമർത്തിപ്പിടിച്ചാൽ നമ്മുടെ ഫോണിൽ ലഭ്യമായിട്ടുള്ള മറ്റു കീബോർഡുകൾ തെളിഞ്ഞുവരും. അതിൽ ഏതാണോ വേണ്ടത് അത് അമർത്തിയാൽ ആ കീബോർഡ് ആക്ടീവ് ആവും. തിരിച്ച് ജി ബോർഡിൽ നിന്ന് ഫോണ്ട് കീ ബോർഡിലേക്ക് വരുന്നതിനു ഇതേ ലാംഗ്വേജ് ബട്ടൺ അതായത് ഈ ഗ്ലോബിന്റെ അടയാളമുള്ള ബട്ടൺ ടച്ച് ചെയ്ത് ഹോൾഡ് ചെയ്തു കഴിഞ്ഞാൽ ഫോണ്ട് കീബോർഡ് ലേക്ക് തിരിച്ചു വരികയും ചെയ്യാം. ഗൂഗിളിന്റെ ജി ബോർഡിൽ മറ്റ് ഭാഷകളും മലയാളം ഹിന്ദി തമിഴ് തുടങ്ങിയ ഭാഷകളും ഹാൻഡ് റൈറ്റിംഗ് ഉപയോഗിച്ച് ടൈപ്പ് ചെയ്യുന്ന രീതിയും വോയിസ് ടൈപ്പ് ചെയ്യുന്ന രീതിയും ഉള്ളതായി അറിയാമല്ലോ.

ഇനിമുതൽ വ്യത്യസ്തതരം പോസ്റ്ററുകളും സർട്ടിഫിക്കറ്റുകളും ബ്രോഷറുകളും മറ്റും തയ്യാറാക്കുമ്പോൾ ഈ വിധമുള്ള വ്യത്യസ്ത ഫോണ്ടുകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുമല്ലോ.

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.290

ISSN 2454-4795
Rs.11/- SEPTEMBER - 2021




DIEGO RIVERA
'THE PROTEST'

Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**